# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെടുങ്കുന്നം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: ksaktm P5/ 801 /20 dt. 17.08.2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 27/03/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുങ്ങുന്നം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെടുങ്ങുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുങ്ങുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: ksaktm P5/ 801 /20 dt. 17.08.2020 തീയ്യതി: 27/03/2021

## കോട്ടയം ജില്ലയിലെ നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2019 മുതൽ 30-06-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-07-2020 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാബു സി ജോര്ജ്ജ് | ഡെപ്യൂട്ടി ഡയറക്ടർ | 06-07-2020 | 16-07-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-07-2020 | 16-07-2020 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സി.ആർ.ബീനാകുമാരി,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി മായ ആർ., ഓഡിറ്റ് ഓഫീസർ
ശ്രീ. രാജേഷ് എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി സുനിത എം.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീന നൗഷാദ് | പ്രസിഡന്റ് | 01-04-2019 | 07-02-2020 |
| ശ്രീമതി എസ് ശൈലജാകുമാരി | പ്രസിഡന്റ് | 08-02-2020 | 31-03-2020 |
| ശ്രീ.സജിത്.റ്റി | സെക്രട്ടറി | 01-04-2019 | 29-03-2020 |
| ശ്രീ.ജെ ഗിരീഷ് കുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 30-03-2020 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സത്മ. എംസി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി രശ്മി എസ് കുമാർ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-07-2019 |
| ശ്രീമതി.അമിതാമോൾ.പി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-08-2019 | 31-03-2020 |
| ശ്രീമതി. ജയറാണി. എസ് | ഡയറി എക്സ്ടെൻഷൻ ഓഫീസർ | 01-04-2019 | 11-12-2019 |
| ശ്രീ.റൊണാൾഡ് വിൽസൺ | ഡയറി എക്സ്ടെൻഷൻ ഓഫീസർ | 12-12-2019 | 31-03-2020 |
| ഡോ.അഞ്ജന എൻ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ. മാത്യു ഫിലിപ് | വെറ്ററനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. കെ ബീന | ഹെഡ് മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ശ്രീ.ഗിരീഷ് കുമാർ ജെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി ലൈലാമോൾ വർഗീസ് | വില്ലേജ് എക്സ് റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി അമൃത.ആർ | വില്ലേജ് എക്സ് റ്റെൻഷൻ ഓഫീസർ | 01-04-2019 | 09-10-2019 |
| ശ്രീ.രതീഷ്.പി.ആർ | വില്ലേജ് എക്സ് | 09-10-2019 | 04-12-2019 |

| | | | |
|---|---|---|---|
| | റ്റെൻഷൻ ഓഫീസർ | | |
| ഡോ. രാജേഷ് എബ്രഹാം | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2019 | 31-03-2020 |
| ശ്രീമതി സിസിലിക്കുട്ടി ജോസഫ് | എെ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 03-03-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 03-03-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 03-03-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 21-03-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: () | 1-5 |
| 6 | ക്ഷേമ പദ്ധതികൾ<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 21-03-2021) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 21-03-2021) | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണസംവിധാനം<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 20-03-2021) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 20-03-2021) | 1-9 |
| 10 | വാർഷികകണക്കുകളുടെ വിശകലനവും പരിശോധനയും<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 20-03-2021) | 1-10 |
| 11 | രസീത് ക്യാൻസൽ ചെയ്തപ്പോൾ ആയതിന് അനുസൃതമായ മാറ്റങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിൽ വരുത്തിയില്ല.- തന്മൂലം നികുതി ഈടാക്കിയില്ല<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 21-03-2021) | 1-11 |
| 12 | ഒരേ കെട്ടിടത്തിന് വിവിധ രീതിയിൽ നികുതി നിർണ്ണയം-പഞ്ചായത്തിന് വരുമാന നഷ്ടം<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 21-03-2021) | 1-12 |
| 13 | വസ്തുനികുതി നിർണ്ണയത്തിൽ അപാകത-പഞ്ചായത്തിന് വരുമാന നഷ്ടം<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 21-03-2021) | 1-13 |
| 14 | തെറ്റായ നികുതി നിർണ്ണയം-പഞ്ചായത്തിന് ധനനഷ്ടം<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 21-03-2021) | 1-14 |
| 15 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 21-03-2021) | 1-15 |
| 16 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും | 1-16 |

| | | |
|---|---|---|
| | ലൈസൻസ് നൽകൽ - ചട്ട പ്രകാരം ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 21-03-2021) | |
| 17 | മാർക്കറ്റ് സ്റ്റാളുകൾ /ഷോപ്പിങ്ങ് കോംപ്ലക്സ് മുറികൾക്ക് കാലപ്പഴക്കം - ലേലത്തിൽ പങ്കെടുക്കാനാളില്ലാത്ത അവസ്ഥ<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 21-03-2021) | 1-17 |
| 18 | വാടകയിനത്തിൽ ഗണ്യമായ കുടിശിക ഈടാക്കാൻ അവശേഷിക്കുന്നു- നടപടി സ്വീകരിച്ചിട്ടില്ല<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 21-03-2021) | 1-18 |
| 19 | പ്രവർത്തനക്ഷമമല്ലാത്ത ഓാലിക്കര ശുദ്ധജല വിതരണ പദ്ധതി - വൈദ്യുതി കണക്ഷൻ വിച്ഛേദിക്കാത്തത് - പഞ്ചായത്തിന് ബാദ്ധ്യത<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 21-03-2021) | 1-19 |
| 20 | വയോജന വിശ്രമകേന്ദ്രം - ജില്ലാ പഞ്ചായത്ത് പണികഴിപ്പിച്ച് കൈമാറിയ കെട്ടിടം നാളിതുവരെ പഞ്ചായത്ത് ആസ്തിയിൽ വരവ് ചേർത്തിട്ടില്ല.<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 21-03-2021) | 1-20 |
| 21 | കുട്ടികളുടെ ആരോഗ്യജാഗ്രതാ അവധിക്കാല ക്യാമ്പ് - തനത് ഫണ്ടിൽ നിന്നും മുൻകൂർ അനുവദിച്ച തുക റീകൂപ്പ് ചെയ്തില്ല<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 22-03-2021) | 1-21 |
| 22 | അങ്കണവാടി പോഷകാഹാരം- പോഷകാഹാരവിതരണം പൂർണ്ണമല്ല<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 21-03-2021) | 1-22 |
| 23 | മുൻകൂർ തുകകൾ യഥാസമയം ക്രമീകരിച്ചില്ല<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 22-03-2021) | 1-23 |
| 24 | ഘടക സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - നടപടികളിൽ പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യം സംരക്ഷിക്കപ്പെട്ടില്ല<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 22-03-2021) | 1-24 |
| 25 | ഹോമിയോ ഡിസ്പൻസറിക്ക് മരുന്നു വാങ്ങൽ - മുൻകൂർ തുക ഒടുക്കിയിട്ടില്ല നാളിതുവരെ മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല –97275 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 22-03-2021) | 1-25 |
| 26 | പഠനമുറി നിർമ്മാണം -പൂർത്തീകരിക്കാൻ അവശേഷിക്കുന്നു<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 22-03-2021) | 1-26 |
| 27 | ടോയ് ലറ്റ് ഇല്ലാത്തവർക്ക് ഗാർഹിക ടോയ് ലറ്റ് നിർമ്മാണം- നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 22-03-2021) | 1-27 |
| 28 | | 1-28 |

| | | |
|---|---|---|
| | പ്രൊ.നം 53/20 ലൈഫ് ഭവന നിർമ്മാണം (ജനറൽ)-ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 21-03-2021) | |
| 29 | ആരോഗ്യ ജാഗ്രത , വാർഡ്തല മാലിന്യ നിർമ്മാർജ്ജനം - ശുചീകരണ പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ് ഫലപ്രദമല്ല<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 21-03-2021) | 1-29 |
| 30 | മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമായിട്ടില്ല<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 21-03-2021) | 1-30 |
| 31 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി തുക അധികം നല്കിയത് -തിരികെ അടവാക്കി<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 21-03-2021) | 1-31 |
| 32 | പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 22-03-2021) | 1-32 |
| 33 | ടെണ്ടർ ഫാറവില പഞ്ചായത്തിന് ലഭിക്കുന്നില്ല<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 21-03-2021) | 1-33 |
| 34 | ജീവനക്കാരുടെ കരാർ നിയമനം - നടപടികൾ ക്രമ വിരുദ്ധം<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 21-03-2021) | 1-34 |
| 35 | അഗതി രഹിതകേരളം പദ്ധതി - തുടർ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: C R Beenakumary (Audit Officer (HG), On 21-03-2021) | 1-35 |
| | **ഭാഗം 2** | |
| 1 | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: () | 2-1 |
| | **ഭാഗം 3** | |
| 1 | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: () | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: () | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: () | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: () | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: () | 4-4 |

| | | |
|---|---|---|
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: () | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: () | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: () | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: () | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: () | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: () | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: C R Beenakumary (Audit Officer (HG))<br>Last Updated By: () | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

22-02-2019 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ച. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 11/03/2020തീയതിയിലെ 10തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 2131985 | 26747497 | 24615512 | |
| വരവ് | 143165000 | 61314265 | | 81850735 |
| ആകെ | 145296985 | 88061762 | | 57235223 |
| ചെലവ് | 142496392 | 60232740 | | 82263652 |
| നീക്കിയിരിപ്പ് | 2800593 | 27829022 | 25028429 | |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 25-05-2020 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 26747497 |
| വരവ് | 61314265 |
| ആകെ | 88061762 |
| ചെലവ് | 60232740 |
| നീക്കിയിരിപ്പ് | 27829022 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് (ACR പ്രകാരം) | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 12550588 | 12550588 | 12088230 | 462358 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 5341000 | 5341000 | 5341000 | 00 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 320000 | 320000 | 309000 | 11000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 8259000 | 8259000 | 5237628 | 3021372 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3746000 | 3746000 | 2990191 | 755809 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 9808418 | 9808418 | 5169272 | 4639146 |
| സാക്ഷരത | | 2374 | 62 | 2436 | 0 | 2436 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 00 | 11539765 | 11539265 | 11539265 | 00 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 8614 | 681528 | 690142 | 484697 | 205445 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ഐ.സി.ഡി എസ് | | 507642 | 412052 | 919694 | 845340 | 74354 |

| | | | | | | |
|---|---|---|---|---|---|---|
| ഖരമാലിന്യസംസ്കരണം | | 665528 | 00 | 665528 | 627527 | 38001 |
| സാക്ഷരത | | 2374 | 62 | 2436 | 00 | 2436 |
| ശുചിത്വമിഷൻ ഗ്രാന്റ് | | 4110 | 00 | 4110 | 00 | 4110 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ കേരളോൽസവം | | 00 | 20000 | 20000 | 20000 | 00 |
| പ്രത്യേകോ ദ്ദേശ്യ ഗ്രാന്റ് | | 00 | 200000 | 200000 | 00 | 200000 |
| ജലനിധി | | 5642366 | 3916410 | 9558776 | 4666934 | 4891842 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് മൂലധനചെലവ് | 500000 | 1319500 | 1819500 | 1119500 | 700000 |
| | രവന്യൂചെലവ് | 00 | 2266660 | 2266660 | 1742724 | 523936 |
| | ജില്ലാ പഞ്ചായത്ത് മൂലധനചെലവ് | 1204020 | 573674 | 1777694 | 1623165 | 154529 |
| | രവന്യൂചെലവ് | 1898734 | 50000 | 1948734 | 304904 | 1643830 |
| ബി ഫണ്ട് തൊഴിൽ രഹിത വേതനം | | 00 | 37560 | 37560 | 37560 | 00 |
| 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയവർക്കുള്ള ധനസഹായം | | 00 | 183000 | 183000 | 183000 | 00 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 00 | 10165369 | 10165369 | 1847133 | 8318236 |
| തനത് ഫണ്ട് | | | 7071459 | 7071459 | 5364983 | തനത് ഫണ്ട് എന്ന് വിവക്ഷിക്കാൻ കഴിയാത്ത പല ഇനങ്ങളും അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതിനാൽ തനത് ഫണ്ടിന്റെ മാത്രമായ മുന്നിരിപ്പ് നീക്കിയിരിപ്പ് എന്നിവ നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല |

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 9.3.2020 ലെ ഉത്തരവ് നം2707/18/DPC/DPO/KTM പ്രകാരം അന്തിമഅംഗീകാരം ലഭിച്ചിരുന്നു. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 27-10-2018 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 27-10-18, 30-11-2018 |
| നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം | 30-11-2018 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 10-11-18 മുതൽ 13-11-2018 വരെ |
| ഭിന്നശേഷി ഗ്രാമസഭ | 15-11-18 |
| വികസനസെമിനാർ | 30-11-18 |

ജനങ്ങളുടെ സാമ്പത്തിക വികസനവും സാമൂഹ്യനീതി ഉറപ്പാക്കലും ലക്ഷ്യമിട്ട് തയ്യാറാക്കിയ 2019-20 വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 78326392/- രൂപയും ആകെ ചെലവ് 42338830/- രൂപയുമാണ്. ചെലവുശതമാനം 54.05%. അംഗീകാരം ലഭിച്ച 173 പ്രോജക്ടുകളിൽ 133 എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | തയ്യാറാക്കിയ പ്രൊജക്റ്റുകളുടെ എണ്ണം | നടപ്പാക്കിയ പ്രൊജക്റ്റുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 6 | 4762020 | 891490 | 18.72 |
| വെറ്ററിനറി സർജൻ | 7 | 7 | 3397000 | 2822500 | 83 |
| ഐസിഡിഎസ് സൂപ്പർവൈസർ | 7 | 7 | 4802950 | 4088966 | 85 |
| വിഇഒ | 12 | 10 | 27641729 | 10738442 | 39 |
| മെഡിക്കൽ ഓഫീസർ പിഎച്ച്സി | 3 | 3 | 1000000 | 931560 | 93 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 1 | 600000 | 600000 | 100 |
| സെക്രട്ടറി | 29 | 23 | 4976623 | 3935802 | 79 |
| എച്ച് എം | 7 | 7 | 1202378 | 1047933 | 87 |
| അസി.എഞ്ചിനീയർ | 94 | 63 | 27193692 | 14844995 | 55 |
| അസി.സെക്രട്ടറി | 3 | 3 | 1100000 | 1049000 | 95 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 3 | 3 | 1650000 | 1388142 | 84 |
| ആകെ | 173 | 133 | 78326392 | 42338830 | 54.05%. |

<u>വിനിയോഗലക്ഷ്യം കൈവരിച്ചില്ല- 88.9ലക്ഷം രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു.</u>

2019-20 കാലയളവിൽ സർക്കാർഫണ്ടുകളുടെ വിനിയോഗത്തിൽ വേണ്ടത്ര ജാഗ്രത പുലർത്തിയതായി കാണുന്നില്ല. തൻവർഷം റോഡ് സംരക്ഷണഗ്രാന്റ് വിനിയോഗം 61% മാത്രമാണ്. ധനകാര്യകമ്മീഷൻ ഗ്രാന്റ് 48%മാത്രമേ ചെലവഴിക്കാൻ സാധിച്ചുള്ളൂ. വിവിധ പ്രോജക്ടുകൾക്കായി സംസ്ഥാനാവിഷ്കൃത ഫണ്ട് വിഹിതം 93 ലക്ഷം വകയിരുത്തിയിരുന്നുവെങ്കിലും 3ലക്ഷം രൂപ മാത്രമേ തൻവർഷം ചെലവഴിച്ചിരുന്നുള്ളൂ. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നുവെങ്കിലും വേണ്ടത്ര ഫലപ്രദമായില്ല. തൻമൂലം പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 94 പ്രോജക്ടുകളിൽ 63 എണ്ണം മാത്രമാണ് (ചെലവ് ശതമാനം 55%) തൻവർഷം നടപ്പാക്കാൻ സാധിച്ചത് എന്നത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ പദ്ധതിപുരോഗതി നിരീക്ഷിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നില്ല എന്ന് വ്യക്തമാക്കുന്നു. വിനിയോഗത്തിൽ വന്ന ജാഗ്രതക്കുറവ് മൂലം തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| വികസനഫണ്ട് -പൊതുവിഭാഗം | 462358 |
| ടി എസ് പി | 11000 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 3021372 |
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 755809 |
| സിഎഫ് സി ഗ്രാന്റ് | 4639146 |
| ആകെ | 8889685 |

സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട 88.9 ലക്ഷം രൂപ ആത്യന്തികമായി ഗ്രാമപഞ്ചായത്തിന് നഷ്ടമായി. താഴെ പരാമർശിക്കുന്നത് പ്രകാരമുള്ള ചില പ്രോജക്ടുകൾ ഉപേക്ഷിക്കപ്പെട്ടതും വിനിയോഗലക്ഷ്യം കൈവരിക്കുന്നതിന് തടസ്സകാരണമായി. ഉപേക്ഷിക്കപ്പെട്ട ചില പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

- കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി 18 ലക്ഷംരൂപ അടങ്കൽ വകയിരുത്തി തയ്യാറാക്കിയ കൊല്ലവരകുന്ന് ജലസേചനപദ്ധതി നിർവ്വഹണം സംബന്ധിച്ച വ്യക്തത വരാത്തതിനാൽ നടപ്പാക്കിയില്ല.
- 15-ാം വാർഡിൽ 110-ാം നമ്പർ കൊച്ചുകുളം അങ്കണവാടി കെട്ടിടനിർമ്മാണം തൻവർഷം നടപ്പാക്കാൻ സാധിച്ചില്ല.
- ലൈഫ് മിഷൻ 3-ാം ഘട്ടമായി നടപ്പാക്കിയ പ്രൊജക്റ്റ് പ്രകാരം 79 ലക്ഷം സംസ്ഥാനാവിഷ്കൃത ഫണ്ട് വകയിരുത്തി തയ്യാറാക്കിയിരുന്നുവെങ്കിലും നടപ്പാക്കിയില്ല.

88.9 ലക്ഷത്തിലധികം രൂപ പഞ്ചായത്തിന്റെ ജാഗ്രതക്കുറവ് മൂലം തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് ഗ്രാമപഞ്ചായത്ത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും ഭാവിയിൽ വിനിയോഗലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതികളും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ലായെന്ന് കാണുന്നു.

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനം ഫലപ്രദമല്ല</u>

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. പല വർക്കിംഗ് ഗ്രൂപ്പുകളും യോഗം ചേർന്നുവെങ്കിലും പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ പദ്ധതി രൂപീകരണത്തിൽ പങ്ക് വഹിക്കുകയോ ചെയ്തിരുന്നില്ല. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

<u>പൊതുമരാമത്ത്പ്രവൃത്തികളുമായി ബന്ധപ്പെട്ട പൊതു നിരീക്ഷണങ്ങൾ</u>

1. പഞ്ചായത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യമാക്കിയുള്ള മരാമത്ത് പ്രവൃത്തികൾ ഓഡിറ്റ് വർഷം ഏറ്റെടുത്തിട്ടില്ല .2019-20 ൽ ആസൂത്രണം ചെയ്ത 73 പ്രോജക്ടുകളിൽ നടപ്പിലാക്കിയ 48 എണ്ണവും റോഡ് കോൺക്രീറ്റ് പ്രവൃത്തികളാണ്.സമഗ്രവികസനം ലക്ഷ്യമിട്ടുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

2. ടെണ്ടർ നടപടികൾ ഫലപ്രദമല്ല.

തൻവർഷം ഏറ്റെടുത്ത റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ 5ലക്ഷം രൂപക്ക് മുകളിലുള്ളവ ഇ-ടെണ്ടറും ബാക്കിയുള്ളവ മാനുവൽ ടെണ്ടറുമായിരുന്നു.. ഇ-ടെണ്ടർ നടന്ന പ്രവൃത്തികളിൽ15%മുതൽ 20% വരെ ടെണ്ടർ കുറവിൽ പ്രവൃത്തികൾ കരാർ വച്ചപ്പോൾ ബാക്കിയുള്ളവ 1% ൽ താഴെ ടെണ്ടർ കുറവിൽ ആണ് കരാർ വച്ചത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്ര.നം | പ്രോജക്ട് | നമ്പർ | അടങ്കൽ | ടെണ്ടർ കുറവ് |
|---|---|---|---|---|
| 1 | കൊച്ചേഴത്തിൽപടി-കല്ലുൻമാവ് റോഡ് കോൺക്രീറ്റ്<br>ഇ-ടെണ്ടർ | 84/19-20 | 500000/- | 20% |
| 2 | കുടത്തിങ്കൽ പടി റോഡ്<br>ഇ-ടെണ്ടർ | 64/19-20 | 500000/- | 15% |
| 3 | മാണികുളം-മുതിരമല റോഡ്<br>സാധാരണ ടെണ്ടർ | 97/2019-20 | 350000/- | 0.1% |
| 4 | കുളങ്ങര-വീട്ടിപ്പറമ്പ് റോഡ് | 96/20120 | 475000/- | 1% |
| 5 | മുതിരമല-പുവൻപറമ്പ് | 98/2019-20 | 300000/- | 1% |

5 ലക്ഷത്തിൽ താഴെ അടങ്കലുള്ള പ്രവൃത്തികളും ഇ-ടെണ്ടർ ചെയ്യുന്നതിന് തടസ്സമില്ലെന്നിരിക്കെ പഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യം പരിഗണിച്ച് പ്രവൃത്തികൾ കരാർ നല്കുന്നതിൽ പഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

3. മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ തയ്യാറാക്കുമ്പോൾ റീടെൻഷൻ ഇനത്തിൽ കരാറുകാരനിൽ നിന്നും ഈടാക്കുന്ന തുക തനത് ഫണ്ടിൽ നിക്ഷേപിക്കുകയും ഫൈനൽ ബില്ലിനൊപ്പം തിരികെ നല്കുകയുമാണ് ചെയ്യേണ്ടത്. ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ പാർട്ട് ബിൽ തയ്യാറാക്കിയപ്പോൾ റിടെൻഷൻ തുക വേലമൂല്യത്തിൽ കുറവു ചെയ്യുകയാണ് ചെയ്തത്.ഫൈനൽബിൽ അടുത്ത സാമ്പത്തിക വർഷം തയ്യാറാക്കുന്ന കേസുകളിൽ ഇത്തരത്തിൽ കുറവുചെയ്ത തുക നടപ്പ് സാമ്പത്തിക വർഷത്തെ വിഹിതത്തിൽ നിന്നും നഷ്ടപ്പെടുന്നു.ബില്ലുകൾ തയ്യാറാക്കുമ്പോൾ പഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യം സംരക്ഷിക്കേണ്ടതാണ്.

4. ജി എസ് റ്റി ഒഴിവാക്കിയുള്ള നിരക്ക് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും 12% നിരക്കിൽ ജി എസ് റ്റി വകയിരുത്തി കരാറുകാർക്ക് നല്കുകയും ചെയ്യുകയാണ് നിലവിലെ രീതി.ടെണ്ടർ നടപടികളെ സ്വാധീനിക്കുന്ന ഘടകമായതിനാൽ ടെണ്ടർ നിബന്ധനകളിൽ ആയതു കൂടി ഉൾപ്പെടുത്തി പരസ്യം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

5. 2018-19 വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഏറ്റെടുത്ത റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ 15 മി മി കനം ഇൻസുലേഷൻ ലയർ എന്നയിനം ഉൾപ്പെടുത്തിയിരുന്നു. (ഇനം 2) എന്നാൽ ഈ വർഷം ഇത് ഒഴിവാക്കുകയും സെക്ഷനിംഗം 15 സെ .മീ കോൺക്രീറ്റും മാത്രമായി പരിമിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.മുൻവർഷ പ്രോജക്ടുകളിൽ ഈ ഇനത്തിൽ ചെലവഴിച്ച തുകക്കുള്ള ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രനം | പ്രോജക്ട്/പ്രോജക്ട് നമ്പർ | 15 മി മി കനം ഇൻസുലേഷൻ ലയറിന് ചെലവഴിച്ച തുക |
|---|---|---|
| 1 | മാണിക്കളം മുതിരമല റോഡ് | 13216.50 |
| 2 | കിടങ്ങര-ചെമ്പന്നൂർ റോഡ് | 13176.00 |
| 3 | കൊച്ചോലി വീരൻമല റോഡ് | 6079.5 |

മുൻവർഷം വരെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന ടി ഇനം തൻവർഷം ഒഴിവാക്കിയ സാഹചര്യം വിശദീകരിക്കപ്പെടേണ്ടതുണ്ട്. ടിയിനം പ്രവൃത്തി യഥാർത്ഥത്തിൽ നിർബന്ധമായും നിർവഹിക്കേണ്ടതാണെങ്കിൽ തൻവർഷം മാത്രം ഒഴിവാക്കിയ സാഹചര്യവും ആത്യാവശ്യമില്ലാത്തതാണെങ്കിൽ മുൻവർഷം വരെ എസ്റ്റിമേറ്റിൽ ചേർത്തിരുന്നതിന്റെ കാരണവും സാങ്കേതികവിഭാഗം വിശദീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലെ പൊരുത്തക്കേടുകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 37560 | 19 |
| കർഷകതൊഴിലാളി പെൻഷൻ | 709200 | 199 |
| വിധവാപെൻഷൻ | 2701800 | 804 |
| വാർദ്ധക്യകാലപെൻഷൻ | 4633500 | 1502 |
| വികലാംഗപെൻഷൻ | 723300 | 216 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 176400 | 51 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-07-2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29442 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണസംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ജോലിവിഭജന രേഖയിലൂടെ എല്ലാ ജീവനക്കാരുടേയും ചുമതല കൃത്യമായി നിർവഹിച്ചിട്ടുണ്ട്. പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ ക്രമമായി ബൈൻഡ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. ഡിമാന്റ് രജിസ്റ്ററുകൾ, ഡെപ്പോസിറ്റ് , അഡ്വാൻസ് രജിസ്റ്ററുകൾ , സ്റ്റോക്ക് രജിസ്റ്ററുകൾ, ബിൽ രജിസ്റ്റർ , സ്ട്രീറ്റ് ലൈറ്റ് പരാതി രജിസ്റ്റർ , മെയിന്റനൻസ് രജിസ്റ്റർ തുടങ്ങിയ രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. വരവിനങ്ങളുടെ ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. വരവ് ചെലവ് കണക്കുകൾ സംബന്ധിച്ച എല്ലാ രേഖകളും ലഭ്യമാക്കുന്നതിനും ഓഡിറ്റ് എൻക്വയറികൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിനും സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13-12-2019 | 11/2019 | 10/2019 Dt.16.11.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24/09/2018-03/10/2018 | 2014-15 മുതൽ2017-18 വരെ | LBA(HQ)2/Unit-1/8A-109/2018-19/10 Dt.05-04-2019 |

## 1-10 വാർഷികകണക്കുകളുടെ വിശകലനവും പരിശോധനയും

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്ഥിര ആസ്തികളുടെ (ഭൂ ആസ്തി ഉൾപ്പെടെ) മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല.
2. വസ്തു നികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല. (ഇതിനുള്ള അക്കൗണ്ട് ശുദ്ധീകരണ (Purification) നടപടികൾ പൂർത്തിയായിട്ടില്ല).
3. പിരിഞ്ഞ് കിട്ടാനുള്ള തുകയ്ക്ക് കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ പ്രൊവിഷൻ നൽകിയിട്ടില്ല.
4. 31.03.2020 തീയതിയിൽ റീടെൻഷൻ ഇനത്തിൽ 292351/- രൂപ B 7 ഷെഡ്യൂളിൽ ബാധ്യത കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട് .എന്നാൽ പ്രസ്തുത തീയതിയിൽ കരാറുകാർക്ക് ഫൈനൽ ബിൽ നല്കാനില്ലാത്തതിനാൽ ഈ തുക ബാധ്യത കണക്കിൽ സൂക്ഷിക്കുന്നതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടില്ല.
5. ബാധ്യത കണക്കിൽ മുൻ വർഷത്തെ ചെലവുകൾ അടുത്ത വർഷത്തേക്ക് മാറ്റുമ്പോൾ ആയതിനുള്ള പ്രോവിഷൻ B9 ഷെഡ്യൂളിൽ രേഖപ്പെടുത്തുന്നതായി കാണുന്നില്ല.
6. B 7 ഷെഡ്യൂൾ പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ മുന്നിരിപ്പും തൻവർഷത്തെ വരവുചെലവ്, നീക്കിയിരിപ്പ് എന്നിവയും ഡിപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
7. അക്രൂവൽ ഇനങ്ങളായ തൊഴിൽ നികുതി - ട്രേഡേഴ്സ്, ഡി&ഒ ലൈസൻസ് തുടങ്ങിയവക്ക് കൃത്യമായ ഡിമാൻറ് രജിസ്റ്റർ സൂക്ഷിക്കാതെ തൻവർഷത്തെ കളക്ഷൻ തുകയോടൊപ്പം മുൻവർഷം ലഭിച്ച അഡ്വാൻസ് തുക ചേർത്ത് ഡിമാൻറ് രേഖപ്പെടുത്തുന്ന രീതിയാണ് തുടർന്നുവരുന്നത്. ഇതുമൂലം തൻവർഷ കുടിശ്ശിക കണക്ക് പഞ്ചായത്തിൽ ലഭ്യമാകുന്നില്ല. ഡി&ഒ ലൈസൻസ്, തൊഴിൽ നികുതി - ട്രേഡേഴ്സ്, വാടക മുതലായവയുടെ വാർഷിക കണക്കുകൾ പ്രകാരമുള്ള ഡിമാൻറ്, കളക്ഷൻ, ബാലൻസ് പൊരുത്തപ്പെടുന്നില്ല.
8. ശ്മശാനം നവീകരണം എന്ന പ്രോജക്ടിനായി 20500/- രൂപ പാർട്ട് ബിൽ നല്കിയെങ്കിലും ആയത് വാർഷികകണക്കിൽ പ്രതിഫലിച്ചിട്ടില്ല.
9. വാർഷിക കണക്കിനൊപ്പമുള്ള ട്രയൽ ബാലൻസിൽ നീക്കിയിരിപ്പ് ജനറേറ്റ് ചെയ്തിട്ടില്ല. (Transaction For The Period ലെ തുകകൾ നീക്കിയിരിപ്പിൽ ഉൾപ്പെടുകയാണ് ചെയ്തിരിക്കുന്നത്.)
10. മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്ത ചുവടെ ചേർത്തിരിക്കുന്ന ചെക്കിന്റെ തുക ബാധ്യത ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

| ചെക്ക് നം./തീയതി | തുക |
|---|---|
| | |

| 2282135/19-11-2019 | 232259 |
|---|---|

11. B11, B 11(A) എന്നീ ഷെഡ്യൂളുകളിലെ ആകെ തുക B3 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല. (തനത് ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയിൽ നിന്നുള്ള മൂലധന ചെലവ് പ്രത്യേകം നിർണ്ണയിച്ചിട്ടില്ല.

## 1-11 രസീത് ക്യാൻസൽ ചെയ്തപ്പോൾ ആയതിന് അനുസൃതമായ മാറ്റങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ വരുത്തിയില്ല.-തന്മൂലം നികുതി ഈടാക്കിയില്ല

ക്യാൻസൽഡ് റസീപ്റ്റ്സ് വിശദാംശങ്ങൾ പരിശോധിച്ചതിൽ സജി ജേക്കബ് എന്നയാളുടെ ഉടമസ്ഥതയിലുള്ള 2/48 നം കെട്ടിടത്തിന്റെ 2019-20 ലെ വസ്തുനികുതി 614 രൂപ 119040102565 /08.08.19 നം.രസീതു പ്രകാരം അടവാക്കിയതായി രേഖപ്പെടുത്തിയെങ്കിലും പിന്നീട് ഈ രസീത് ക്യാൻസൽ ചെയ്തിട്ടുണ്ട്. രസീത് ക്യാൻസൽ ചെയ്തപ്പോൾ ആയതിന് അനുസൃതമായ മാറ്റങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ വരുത്തിയില്ല. ഡേ ബുക്ക് പ്രകാരം സജി ജേക്കബ് അന്നേ ദിവസം നികുതി ഒടുക്കിയതായി കാണുന്നില്ല. എന്നാൽ സഞ്ചയയിൽ അതേ തീയതിയിൽ അതേ രസീതു നമ്പരിൽ സജി ജേക്കബിന്റെ ഉടമസ്ഥതയിലുള്ള 2/48 കെട്ടിടത്തിന്റെ 19 -20 ലെ നികുതി ഒടുക്കിയതായി കാണുന്നു.2020-21 ലെ നികുതി പിന്നീട് ഒടുക്കിയിട്ടുമുണ്ട്. 2020-21 ലെ നികുതി ഒടുക്കിയപ്പോൾ 19-20 നികുതി ഈടാക്കിയെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ടി (നം.20) രസീത് നം.സാംഖ്യ സോഫ്റ്റ് വെയറിൽ ക്യാൻസൽ ചെയ്തുവെങ്കിലും സഞ്ചയ സോഫ്റ്റ് വെയറിൽ ക്യാൻസൽ ചെയ്തിട്ടില്ല എന്ന മറുപടി നല്കി. തന്മൂലം 20-21 ലെ നികുതി ഈടാക്കിയപ്പോൾ 19-20 ലെ കുടിശ്ശിക ഈടാക്കിയില്ല എന്നും ടി നികുതി വസൂലാക്കി വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചു. ഇത്തരം അപാകത ഇത് സംബന്ധമായ ഇടപാടുകൾ നിർവഹിക്കുന്നതിലെ നഷ്ട സാധ്യത (Risk Factor) വെളിപ്പെടുത്തുന്നു. ഇത്തരം നഷ്ട സാധ്യത ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-12 ഒരേ കെട്ടിടത്തിന് വിവിധ രീതിയിൽ നികുതി നിർണ്ണയം-പഞ്ചായത്തിന് വരുമാന നഷ്ടം

ഇ എസ് സ്കറിയ, ഇടവെട്ടാൽ ,കങ്ങഴ എന്നയാളുടെ ഉടമസ്ഥതയിൽ 14 ആം വാർഡിലുള്ള 463 നമ്പർ കെട്ടിടത്തിന് 463A മുതൽ 463L വരെ നമ്പർ നല്കുകയും G,H,I ഒഴികെയുള്ള മുറികൾക്ക് 55രൂപ /ച.മീ പ്രകാരം നികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2019-20 വർഷം നികുതി നിർണ്ണയിച്ച 463/G,H,I മുറികൾക്ക്(യഥാക്രമം 42.66,42.66,38.30ച.മീ) 100 ച.മീ കുറവുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കാണ് നിർണ്ണയിച്ചത്.വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട വിശദാംശങ്ങൾ 463/G | നിർണ്ണയിച്ച നികുതി (100 ച.മീ ന് താഴെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 35/-രൂപ നിരക്കിൽ) | | നിർണ്ണയിക്കേണ്ട നികുതി(100 ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 55/-രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|
| തറവിസ്തീർണ്ണം, ഫസ്റ്റ്ഫ്ലോർ --42.66 | അടിസ്ഥാന നികുതി 42.66*35 | 1493.10 | 2346.30 | 853.20 |
| | മേഖലാ ഇളവ് 10% | 00 | 00 | 00 |
| | തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് 15% | 00 | 00 | 00 |
| | 5മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന് ബാധകമായ വർദ്ധനവ് 20% | 298.62 | 469.26 | 170.64 |
| | നിർണ്ണയിച്ച നികുതി | 1792.00 | 2816.00 | 1024.00 |
| | ചട്ടം5 പ്രകാരമുള്ള ഇളവ് 5% | 90.00 | 141.00 | 51.00 |
| | നികുതി | 1703.00 | 2675.00 | 972.00 |
| | ലൈ.സെസ് | 86.00 | 134.00 | 48.00 |
| | ആകെ | 1789.00 | 2810.00 | 1021.00 |

| കെട്ടിട | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി(100 ച.മീ | കുറവ് |
|---|---|---|---|

| | | | | |
|---|---|---|---|---|
| വിശദാംശങ്ങൾ 463/H | (100 ച.മീ ന് താഴെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 35/-രൂപ നിരക്കിൽ) | | ന് മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 55/-രൂപ നിരക്കിൽ) | |
| തറവിസ്തീർണ്ണം, ഫസ്റ്റ്ഫ്ലോർ --42.66 | അടിസ്ഥാന നികുതി 42.66*35 | 1493.10 | 2346.30 | 853.20 |
| | മേഖലാ ഇളവ് 10% | 00 | 00 | 00 |
| | തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് 15% | 00 | 00 | 00 |
| | 5മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന് ബാധകമായ വർദ്ധനവ് 20% | 298.62 | 469.26 | 170.64 |
| | നിർണ്ണയിച്ച നികുതി | 1792.00 | 2816.00 | 1024.00 |
| | ചട്ടം5 പ്രകാരമുള്ള ഇളവ് 5% | 90.00 | 141.00 | 51.00 |
| | നികുതി | 1703.00 | 2675.00 | 972.00 |
| | ലൈ.സെസ് | 86.00 | 134.00 | 48.00 |
| | ആകെ | 1789.00 | 2810.00 | 1021.00 |

| കെട്ടിട വിശദാംശങ്ങൾ 463/I | നിർണ്ണയിച്ച നികുതി (100 ച.മീ ന് താഴെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 35/-രൂപ നിരക്കിൽ) | | നിർണ്ണയിക്കേണ്ട നികുതി(100 ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 55/-രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|
| തറവിസ്തീർണ്ണം, ഫസ്റ്റ്ഫ്ലോർ --38.30 | അടിസ്ഥാന നികുതി 38.30*35 | 1340.50 | 2106.50 | 766.00 |
| | മേഖലാ ഇളവ് 10% | 00 | 00 | 00 |
| | തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് 15% | 00 | 00 | 00 |
| | 5മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന് ബാധകമായ വർദ്ധനവ് 20% | 268.10 | 421.30 | 153.20 |
| | നിർണ്ണയിച്ച നികുതി | 1609.00 | 2528.00 | 919.00 |
| | ചട്ടം5 പ്രകാരമുള്ള ഇളവ് 5% | 80.45 | 126.40 | 45.95 |
| | നികുതി | 1529.00 | 2402.00 | 43.00 |
| | ലൈ.സെസ് | 77.00 | 120.00 | 48.00 |
| | ആകെ | 1606.00 | 2522.00 | 916.00 |

ഈ മൂന്ന് മുറികൾ മാത്രം 100ച.മീറ്ററിന് മുകളിൽ വരുമെന്നിരിക്കെ ഒരേ കെട്ടിടത്തിന് വിവിധ രീതിയിൽ നികുതി നിർണ്ണയിച്ചതിന് കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (5/10.07.20) മറുപടിയായി നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി നല്കി.സമാനരീതിയിലുള്ള അപാകതകൾ നികുതി നിർണ്ണയത്തിൽ ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-13 വസ്തുനികുതി നിർണ്ണയത്തിൽ അപാകത-പഞ്ചായത്തിന് വരുമാന നഷ്ടം

വസ്തു നികുതി പരിഷ്കരണ ചട്ടങ്ങൾ പ്രകാരം 5 മീറ്ററിന മുകളിൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമുള്ള സ്ഥലത്ത് നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിക്കുമ്പോൾ അടിസ്ഥാന നികുതിയുടെ 20% വർദ്ധനവ്

നല്കേണ്ടതുണ്ട്. എന്നാൽ 2019-20 വർഷം നികുതി നിർണ്ണയം നടത്തിയ താഴെ പറയുന്ന കെട്ടിടങ്ങളിൽ വസ്തുവിലേക്ക് പ്രവേശനം 5 മീറ്ററിനു മുകളിൽ വീതിയുള്ള റോഡിൽ നിന്നാണെങ്കിലും വർദ്ധനവ് നല്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1. ജോബി സെബാസ്റ്റ്യൻ ,വഴീപ്ലാക്കൽ, കണ്ണൻചിറ എന്നയാളുടെ ഉടമസ്ഥതയിലുള്ള 127/4 സർവ്വേ നമ്പരിലുള്ള 6/207A നമ്പർ കെട്ടിടം 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡായി പഞ്ചായത്ത് വിജ്ഞാപനം ചെയ്ത കോവേലി - കങ്ങഴ റോഡിൽ നിന്നും നേരിട്ട് പ്രവേശനം ഉള്ളതാണ്. എന്നാൽ നികുതി നിർണ്ണയത്തിൽ ബാധകമായ 20% വർദ്ധനവ് വരുത്താത്തതുമൂലം പഞ്ചായത്തിന് ധനനഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട വിശദാംശങ്ങൾ | നിർണ്ണയിച്ച നികുതി | | നിർണ്ണയിക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|
| തറവിസ്തീർണ്ണം, ഗ്രൗണ്ട് ഫ്ലോർ --193.90 ഫസ്റ്റ് ഫ്ലോർ--91.90 ആകെ --285.65 | അടിസ്ഥാന നികുതി 285.65*6 | 1713.90 | 1713.90 | 00 |
| | മേഖലാ ഇളവ് 10% | 171.390 | 171.390 | 00 |
| | തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് 15% | 257.085 | 257.085 | 00 |
| | 5മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന് ബാധകമായ വർദ്ധനവ് (20%) | | 342.78 | 342.78 |
| | നിർണ്ണയിച്ച നികുതി | 1799.595<br>1800.00 | 2142.375<br>2142.00 | 342.00 |
| | ലൈ.സെസ് | 90.00 | 107.00 | 17.00 |
| | ആകെ | 1890.00 | 2249.00 | 359.00 |

2. രാജി ലക്ഷ്മിഗോപകുമാർ,ചിറമത്താൽ,നെടുങ്കുന്നം എന്നയാളുടെ ഉടമസ്ഥതയിലുള്ള 18/57/8,57/3,57/9സർവ്വേ നമ്പരിലുള്ള 10/111A നമ്പർ കെട്ടിടം 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡായി പഞ്ചായത്ത് വിജ്ഞാപനം ചെയ്ത നെടുങ്കുന്നം - പുന്നവേലി റോഡിൽ നിന്നും നേരിട്ട് പ്രവേശനം ഉള്ളതാണ് എന്ന് വില്ലേജ് ആഫീസർ സാക്ഷ്യപ്പെടുത്തിയ സൈറ്റ് പ്ലാനിൽ നിന്നും വ്യക്തമാണ്. എന്നാൽ നികുതി നിർണ്ണയത്തിൽ ബാധകമായ 20% വർദ്ധനവ് വരുത്താത്തതുമൂലം പഞ്ചായത്തിന് ധനനഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട വിശദാംശങ്ങൾ | നിർണ്ണയിച്ച നികുതി | | നിർണ്ണയിക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|
| തറവിസ്തീർണ്ണം, ഗ്രൗണ്ട് ഫ്ലോർ --163.00 ഫസ്റ്റ് ഫ്ലോർ--103.00 ആകെ --266.00 | അടിസ്ഥാന നികുതി 266*6 | 1596.00 | 1596.00 | 00 |
| | മേഖലാ ഇളവ് 10% | 00 | 00 | 00 |
| | തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് 15% | 00 | 00 | 00 |
| | 5മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന് | | 319.20 | 319.20 |

| | | | | |
|---|---|---|---|---|
| | ബാധകമായ വർദ്ധനവ് (20%) | | | |
| | നിർണ്ണയിച്ച നികുതി | 1596.00 | 1915.00 | 319.00 |
| | ലൈ.സെസ് | 80.00 | 96.00 | 16.00 |
| | ആകെ | 1676.00 | 2011.00 | 335.00 |

മേൽ സൂചിപ്പിച്ചിട്ടുള്ള വസ്തുനികുതി നിർണ്ണയുമായി ബന്ധപ്പെട്ട അപാകതകളിൽ വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (04/10.07.2020) മറുപടിയായി നികുതി പുനർ നിർണ്ണയിച്ചായി അറിയിച്ചു.പുനർ നിർണ്ണയിച്ച നികുതി ഈടാക്കി വിവരം അറിയിക്കുന്നതോടൊപ്പം സമാന രീതിയിലുള്ള അപാകതകൾ നികുതി നിർണ്ണയത്തിൽ ഉണ്ടായിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-14 തെറ്റായ നികുതി നിർണ്ണയം-പഞ്ചായത്തിന് ധനനഷ്ടം

ജിജി സ്കറിയ ,ഇടക്കര,പുളിക്കൽ കവല എന്നയാളുടെ ഉടമസ്ഥതയിൽ വാർഡ് 5 ലുള്ള 368 A നമ്പർ കെട്ടിടം വാണിജ്യആവശ്യത്തിനുള്ളതും 176.02 ച.മീ തറവിസ്തീർണ്ണമുള്ളതുമാണ്. പ്രസ്തുത കെട്ടിടത്തിന് 2019-20 ൽ വസ്തു നികുതി നിർണ്ണയിച്ചപ്പോൾ 100 ച.മീ ന താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് (35/ച.മീ) നികുതി നിർണ്ണയിച്ചത്. ഇതുമൂലം പഞ്ചായത്തിന് പ്രതിവർഷം 4435/-രൂപ നിരക്കിൽ നികുതി നഷ്ടം ഉണ്ടാകുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട വിശദാംശങ്ങൾ | നിർണ്ണയിച്ച നികുതി | | നിർണ്ണയിക്കേണ്ട നികുതി(100 ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 55/-രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|
| തറവിസ്തീർണ്ണം, ഗ്രൗണ്ട് ഫ്ലോർ --176.02 | അടിസ്ഥാന നികുതി 176.02*35 | 6160.70 | 9681.10 | 3520.40 |
| | മേഖലാ ഇളവ് 10% | 00 | 00 | 00 |
| | തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് 15% | 00 | 00 | 00 |
| | 5മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന് ബാധകമായ വർദ്ധനവ് 20% | 1232.14 | 1936.22 | 704.08 |
| | നിർണ്ണയിച്ച നികുതി | 7393.00 | 11617.00 | 4224.00 |
| | ലൈ.സെസ് | 370.00 | 581.00 | 211.00 |
| | ആകെ | 7763.00 | 12198.00 | 4435.00 |

അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (6/10.07.20) മറുപടിയായി നികുതി പുനർനിർണ്ണയിക്കുന്നതാണെന്ന് അറിയിച്ചു.പുനർ നിർണ്ണയിച്ച നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി ഈടാക്കിയില്ല

1. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2019-20 ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയില്ല.

| സ്ഥാപനം | ഈടാക്കേണ്ട നികുതി |
|---|---|
| തിയോഫിലിസ് കോളേജ് ഓഫ് നഴ്സിംഗ് | സ്ഥാപന തൊഴിൽ നികുതി , ജീവനക്കാരുടെ തൊഴിൽ നികുതി |
| പി.ജി.എം.കോളേജ് | സ്ഥാപന തൊഴിൽ നികുതി , ജീവനക്കാരുടെ |

| | |
|---|---|
| | തൊഴിൽ നികുതി |
| ആവേ മരിയ എഞ്ചിനീയറിംഗ് | സ്ഥാപന തൊഴിൽ നികുതി , ജീവനക്കാരുടെ തൊഴിൽ നികുതി |
| മാവേലി സ്റ്റോർ | ജീവനക്കാരുടെ തൊഴിൽ നികുതി |

2. അൺ എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ തൊഴിൽ നികുതി ഈടാക്കി.
അൺ എയ്ഡഡ് സ്കൂളുകളിലെ ടീച്ചേഴ്സ് ഉൾപ്പെടെയുള്ള ജീവനക്കാരുടെ മിനിമം വേതനം സർക്കാർ നിയമം മൂലം ഉറപ്പു വരുത്തിയിട്ടുണ്ടെങ്കിലും ബസോലിയോസ് എച്ച്.എസ്.എസ്. കങ്ങഴ എന്ന സ്കൂളിലെ പ്രിൻസിപ്പാൾ ഉൾപ്പെടെയുള്ള ജീവനക്കാരുടെ മാസശമ്പളം 10000രൂപയിൽ കുറഞ്ഞനിരക്കിൽ ഉൾപ്പെടുത്തി കുറഞ്ഞ നിരക്കിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കണ്ടു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.1/8.7.2020) ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ നിയമപ്രകാരമുള്ള മിനിമം വേതനങ്ങളിൽ തൊഴിൽനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. യഥാർത്ഥ വരുമാനം ഉൾപ്പെടുത്തി തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.
3. അംഗീകൃത സ്ലാബ് പ്രകാരമല്ലാതെ തൊഴിൽ നികുതി ഈടാക്കി.
സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ , ദേവഗിരി , കങ്ങഴ എന്ന സ്ഥാപനത്തിലെ ചുവടെ ചേർക്കുന്ന ജീവനക്കാരിൽ നിന്നും അംഗീകൃത സ്ലാബ് പ്രകാരമുള്ള നിരക്കിലല്ലാതെ തൊഴിൽ നികുതി ഈടാക്കി.
ശ്രീ. സുമേഷ് സദൻ , ബ്രാഞ്ച് മാനേജർ ( 418 രൂപ )
ശ്രീ. കായൻ സിംഗ് , ബ്രാഞ്ച് മാനേജർ (832 രൂപ)
1250രൂപ തൊഴിൽനികുതി ചുമത്തേണ്ടിയിരുന്ന ടി ജീവനക്കാരിൽ നിന്നും മുൻപ് ജോലി ചെയ്ത സ്ഥാപനത്തിൽ തൊഴിൽനികുതി ഈടാക്കിയോ എന്നും വ്യക്തമല്ല. ആനുപാതിക തൊഴിൽനികുതി ഈടാക്കുന്ന സന്ദർഭങ്ങളിലും അംഗീകൃത സ്ലാബ് പ്രകാരമുള്ള നിരക്കിലല്ലാതെ തൊഴിൽനികുതി ഈടാക്കിയത് ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.1/8.7.2020) ലഭ്യമാക്കിയ മറുപടിയിൽ അംഗീകൃത സ്ലാബ് പ്രകാരമുള്ള നിരക്കിൽ തൊഴിൽനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അംഗീകൃതസ്ലാബ് പ്രകാരം തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - ചട്ട പ്രകാരം ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് - ഡി & ഒ ലൈസൻസ് ചട്ടങ്ങൾക്ക്, 31.10.2017 - ലെ കേരള ഗസറ്റ് എസ്.ആർ.ഒ നം. 674/2017 (സ.ഉ (പി) നം. 80/ 2017/ത.സ്വ.ഭ.വ തീയതി. 31.10.2017) പ്രകാരം ഭേദഗതി വരുത്തിയിരുന്നു. പുതുക്കിയ ചട്ടപ്രകാരമാണ് 2019-20 വർഷം ഗ്രാമ പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ളത്. പുതുക്കിയ ചട്ടപ്രകാരം വ്യാപാര സ്ഥാപനങ്ങൾ, പുതുസംരംഭക പ്രവർത്തനങ്ങൾ തുടങ്ങിയവയുടെ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് ആധാരമാക്കിയാണ് സർക്കാർ ലൈസൻസ് ഫീ നിശ്ചയിച്ചിട്ടിട്ടുള്ളത്. ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ സ്ഥാപനങ്ങളുടെ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് സംബന്ധിച്ചുള്ള ആധികാരിക സ്ഥിരീകരണം, ഓഡിറ്റ് വർഷം സമർപ്പിക്കപ്പെട്ടിട്ടുള്ള ലൈസൻസ് അപേക്ഷകളിൽ ലഭ്യമല്ല എന്ന് കാണുന്നു. 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്ന പുതുക്കിയ ചട്ടത്തിൽ ചട്ടം 10 പ്രകാരം ഈടാക്കാവുന്ന ഫീസ് എത്രയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് 15.3.18 ലെ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 15 നം തീരുമാന പ്രകാരം പുതിയ ഫീസ് നിരക്ക് പട്ടികയ്ക്ക് കമ്മിറ്റി അംഗീകാരം നല്കിയിട്ടുണ്ട്.എന്നാൽ പട്ടികയിൽ നിശ്ചയിച്ചിട്ടുള്ളതിലും വ്യത്യസ്തമായ നിരക്കിൽ നിരവധി സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കിയിട്ടുള്ളതായി കാണുന്നു. ഉദാ ചുവടെ ചേർക്കുന്ന

| ക്രമ നം | ലൈസൻസിയുടെ പേരും മേൽ വിലാസവും | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നല്കിയിട്ടുള്ള പ്രവർത്തനം | മൂലധന നിക്ഷേപം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് |
|---|---|---|---|---|---|---|
| 1 | പി.കെ.ഗോപി പുതുപ്പറമ്പിൽ | ക്ളാസിക്ക് ഫ്യവലിംഗ്& സർവ്വീസസ് | പെട്രോൾ ഡീസൽ വില്പന | 74.91 ലക്ഷം | 3000 | 5000 |
| 2 | ചെറിയാൻ വർക്കി ചേരകുളം | ഇൻഡസ് പ്രീ ട്രേഡ്സ് | ട്രഡ് റബ്ബർ | 10.6 ലക്ഷം | 2000 | 5000 |

| | | | | | | |
|---|---|---|---|---|---|---|
| | | | നിർമ്മാണം | | | |
| 3 | വി..എൻ.മധു സൂധനൻ നായർ വലിയവീട്ടിൽ | വലിയവീട്ടിൽ സോ മിൽ | തടി മില്ല് | 10 ലക്ഷം | 2000 | 5000 |
| 4 | കെ.വി.വർക്കി അമ്പാട്ട് | അമ്പാട്ട് ആഡിറ്റോറിയം | ആഡിറ്റോ റിയം | രേഖപ്പെ ടുത്തിയിട്ടില്ല | 2000 | 5000 |

പുതുക്കിയ ഫീസ് പട്ടികയിൽ 2000,3000 എന്നീ നിരക്കുകൾ ഇല്ല. ഈ സാഹചര്യത്തിൽ ടി നിരക്കുകൾ എപ്രകാരമാണ് കണക്കാക്കിയതെന്നത് വ്യക്തമല്ല. മിക്ക ലൈസൻസ് അപേക്ഷകളിലും മൂലധന നിക്ഷേപം എത്രയെന്ന് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഫീസ് എപ്രകാരമാണ് കണക്കാക്കിയതെന്നത് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/14.07.20) 20-21 വർഷം മുതൽ എല്ലാ ലൈസൻസ് അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തി വാങ്ങി ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കുന്നതാണെന്ന മറുപടി നല്കി. അപാകതകൾ ആവർത്തിക്കാതെ കൃത്യമായ നിരക്കിലുള്ള ഫീസ് ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 മാർക്കറ്റ് സ്റ്റാളുകൾ /ഷോപ്പിങ്ങ് കോംപ്ലക്സ് മുറികൾക്ക് കാലപ്പഴക്കം - ലേലത്തിൽ പങ്കെടുക്കാനാളില്ലാത്ത അവസ്ഥ

ഗ്രാമപഞ്ചായത്തിന്റെ പ്രധാനവരുമാന സ്രോതസ്സുകളിലൊന്നായിരുന്ന വാടക ലഭ്യമായിരുന്ന ഷോപ്പിംഗ് കോംപ്ലക്സ് റൂം നം 1,2,8 എന്നിവയും മാർക്കറ്റ് സ്റ്റാൾ നം 282, 289,291,292, 294, 295, 296, 301, 302 എന്നിവയും തൻവർഷം വാടകയ്ക്ക് നൽകിയിരുന്നില്ല. സ്റ്റാൾ നം 282 മുറിയ്ക്ക് ലേലനടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും ലേലത്തിൽ ആരും പങ്കെടുത്തിരുന്നില്ല. പ്രസ്തുത മുറികൾ ഉപയോഗക്ഷമമായതാണോയെന്നും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനസജ്ജമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/15.07.20) മറുപടിയായി കെട്ടിടങ്ങൾ വാടകയ്ക്കെടുത്തിരുന്ന ആളുകൾ മുറികൾ ഒഴിയുന്ന സാഹചര്യമാണ് നിലനിൽക്കുന്നതെന്നും മുറികൾ കാലപ്പഴക്കം മൂലം ഉപയോഗിക്കാൻ സാധിക്കാത്ത മോശം അവസ്ഥയിലാണെന്നും പൊളിച്ചുമാറ്റുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മറ്റി(15-1-2019 ലെ 6/2 നം തീരുമാനം) തീരുമാനമെടുത്തിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളിൽ പരിശോധന നടത്തി ഫിറ്റ്നെസ് ഉൾപ്പടെയുള്ള പരിശോധനാറിപ്പോർട്ട് നൽകുന്നതിനായി എൽഎസ്ജിഡി അസിസ്റ്റന്റ് എഞ്ചിനീയർക്ക് 15-1-2019, 25-2-2020 തീയതികളിൽ കത്ത് നൽകിയിരുന്നുവെങ്കിലും പരിശോധനാറിപ്പോർട്ട് സമർപ്പിച്ചിരുന്നില്ല. ഈ വിഷയത്തിൽ ധനകാര്യസ്റ്റാൻഡിങ്ങ് കമ്മറ്റിയുടെ ഫലപ്രദമായ ഇടപെടലുകൾ ഉണ്ടായിട്ടില്ലായെന്ന് കാണുന്നു. ഫിറ്റ്നസ് പരിശോധന നടത്താതെ കെട്ടിടം പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതു തദ്ദേശസ്വയംഭരണ സ്ഥാപനമേധാവിയാണ്. പ്രസ്തുത വിഷയത്തിൽ ഗ്രാമപഞ്ചായത്ത് അടിയന്തിരനടപടികൾ സ്വീകരിക്കാത്തപക്ഷം കെട്ടിടത്തിന്റെ ബലക്ഷയം മൂലം സംഭവിക്കുന്ന നഷ്ടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് അധികാരികൾ ഉത്തരവാദികളാകുന്നതാണ്. കൂടാതെ തനത് വരുമാന വർദ്ധനവിനുതകുന്ന രീതിയിൽ കെട്ടിടങ്ങൾ അറ്റകുറ്റപ്പണികൾ നടത്തുകയോ സർക്കാർ അനുമതി തേടി പൊളിച്ചുമാറ്റി പുതിയ നിർമ്മാണപ്രവർത്തനങ്ങൾ നടത്തി പ്രവർത്തനസജ്ജമാക്കുകയോ ചെയ്യാത്തത് അധികാരികളുടെയും ഭരണസമിതിയുടെയും ഭാഗത്തുനിന്നുള്ള ഗുരുതരമായ അനാസ്ഥയാണ് വ്യക്തമാക്കുന്നത്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു.

## 1-18 വാടകയിനത്തിൽ ഗണ്യമായ കുടിശിക ഈടാക്കാൻ അവശേഷിക്കുന്നു- നടപടി സ്വീകരിച്ചിട്ടില്ല

2018-19 വാർഷികകണക്കുകൾ പ്രകാരം 2017-18 വരെ യുള്ള വാടക കുടിശികയിനത്തിൽ 69990/- രൂപ ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുള്ളതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | ഈടാക്കാനുള്ള കുടിശിക തുക |
|---|---|
| കുഞ്ഞമ്മ ദേവസ്യ | 1,986 |
| കെ.എ.ഹസൻ റാവുത്തർ | 54 |
| പി.വി.രഘുത്തമൻ | 3,465 |
| പി.വി.രഘുത്തമൻ | 1,978 |
| | |

| | |
|---|---|
| പി.വി.രഘൂത്തമൻ | 2,808 |
| ഐ.വി.ജോർജ് | 4,193 |
| സാബു ജോസഫ് | 5,005 |
| സാബു ജോസഫ് | 43,000 |
| സ്കറിയ ജോൺ | 7,500 |
| സുരേഷ് കുമാർ | 1 |
| | 69,990 |

പ്രസ്തുത തുക ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി (16/15.07.20)ശ്രീ.സുരേഷ് കുമാർ, കെഎ ഹസൻ റാവുത്തർ എന്നിവരിൽ നിന്നും ഈടാക്കാനുള്ള കുടിശികയായ 55/- രൂപ (1+54) (രസീത് നം. 12004010081/16.07.20) ഈടാക്കിയതായി അറിയിച്ചിട്ടുണ്ട്. സാബുജോസഫ്, സ്കറിയ ജോൺ എന്നിവർക്ക് ആർ.ആർ നോട്ടീസ് നൽകിയതായി അറിയിച്ചിരുന്നു. കുടിശിക തുക ഈടാക്കുന്നതിൽ ധനകാര്യസ്റ്റാൻഡിങ്ങ് കമ്മറ്റിയുടെ ഭാഗത്തുനിന്നും ഫലപ്രദമായ ഇടപെടലുകൾ ഉണ്ടായിട്ടില്ലായെന്ന് കാണുന്നു. പ്രസ്തുത കുത്തകക്കാരുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഗ്രാമപഞ്ചായത്തിലേക്ക് മുതൽക്കൂട്ടുന്നത് ഉൾപ്പടെയുള്ള നടപടികൾ സ്വീകരിച്ചിരുന്നില്ല. ഈടാക്കാനവശേഷിക്കുന്ന കുടിശിക തുകയായ 69935/- രൂപ പലിശസഹിതം ഈടാക്കുന്നതിന് ഊർജ്ജിത ശ്രമങ്ങളുണ്ടാവേണ്ടതും തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-19 പ്രവർത്തനക്ഷമമല്ലാത്ത ഓലിക്കര ശുദ്ധജല വിതരണ പദ്ധതി - വൈദ്യുതി കണക്ഷൻ വിച്ഛേദിക്കാത്തത് - പഞ്ചായത്തിന് ബാദ്ധ്യത

പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 13.06.2019 ലെ 2(1) നംപർ തീരുമാന പ്രകാരം ഗുണഭോക്തൃ സമിതിയെ ഏല്പിച്ച ഓലിക്കര ശുദ്ധജല വിതരണ പദ്ധതി ഏകദേശം 9 വർഷമായി പ്രവർത്തിക്കുന്നില്ലെന്നും എന്നാൽ വൈദ്യുതി കണക്ഷൻ നിലനില്ക്കുന്നതായും തന്മൂലം വൈദ്യുതിചാർജ്ജ് കുടിശ്ശിക വരുന്നതായും വ്യക്തമാകുന്നു (കൺസ്യൂമർ നം. 1146419022475). നിലവിൽ 108 രൂപ പ്രതിമാസ നിരക്കിൽ 1843 രൂപയാണ് കുടിസ്ശികയുള്ളത്. കൂടാതെ , ടി പദ്ധതി നിയമാനുസൃതം രേഖാമൂലം ഗുണഭോക്തൃ സമിതിക്ക് കൈമാറിയിട്ടില്ലാ ത്തതിനാൽ ടി പദ്ധതിയുടെ ഉടമസ്ഥാവകാശം നിലവിലും സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് വരുന്ന ബാധ്യതകൾക്ക് സെക്രട്ടറി ഉത്തരവാദിയായിരിക്കുന്നതാണ്. കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 17/16.7.2020 നംപരായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ വൈദ്യുതിചാർജ്ജ് കുടിശ്ശിക ഗുണഭോക്തൃസമിതിയെക്കൊണ്ട് അടവാക്കുന്നതിനും പ്രസ്തുത കണക്ഷൻ വിച്ഛേദിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 വയോജന വിശ്രമകേന്ദ്രം - ജില്ലാ പഞ്ചായത്ത് പണികഴിപ്പിച്ച് കൈമാറിയ കെട്ടിടം നാളിതുവരെ പഞ്ചായത്ത് ആസ്തിയിൽ വരവ് ചേർത്തിട്ടില്ല.

ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച് തുടർ നടത്തിപ്പിനായി തൻവർഷം ഗ്രാമ പഞ്ചായത്തിന് കൈമാറിയ വയോജന വിശ്രമകേന്ദ്രം കെട്ടിടം നാളിതുവരെ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ചേർത്ത് തുടർപ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. 17.03.2020 ലെ A4-6253/19 നംപർ കത്ത് പ്രകാരം ആർ.ഡി.ഒ. യോട് സ്ഥലം വിട്ടുകിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കുന്നതിന് 18/16.7.2020 നംപരായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ വിശ്രമകേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലം സർക്കാർ ഭൂമിയായി സറണ്ടർ ചെയ്തിട്ടുള്ളതിനാൽ ടി സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലേക്ക് മാറ്റി ലഭ്യമാകുമ്പോൾ ആസ്തി രജിസ്റ്ററിൽ ചേർത്ത് കെട്ടിട നംപർ, വൈദ്യുത കണക്ഷൻ എന്നിവ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആവശ്യമായ ഭൗതികസൗകര്യങ്ങൾ ലഭ്യമാക്കി കെട്ടിടം നിർദ്ദിഷ്ട ലക്ഷ്യത്തിന് വിനിയോഗിച്ച് വിവരം അറിയിക്കേണ്ടതാണ്. കൂടാതെ, 13-ാം വാർഡിൽ പകൽവീട് എന്ന ലക്ഷ്യത്തോടെ മുൻവർഷ പ്രോജക്ട് പ്രകാരം നിർമ്മിച്ചിട്ടുള്ള ഒരു കെട്ടിടമുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രം സബ്സെന്റർ താല്ക്കാലികമായി പ്രവർത്തിക്കുന്ന ടി കെട്ടിടത്തിന്റെ വൈദ്യുതി ചാർജ്ജ് പഞ്ചായത്ത് ഒടുക്കുന്നുണ്ട്. എന്നാൽ പകൽവീട് എന്ന ആശയം പ്രാവർത്തികമാക്കുന്നതിന് നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. പകൽവീട് എന്ന പേരിൽ രൂപീകരിക്കപ്പെടുന്ന പ്രോജക്ടുകൾ പലതും വെറും കെട്ടിടനിർമ്മാണങ്ങൾ മാത്രമായി മാറുന്ന സ്ഥിതിയാണ് ഇപ്പോൾ നിലവിലുള്ളത്. പ്രോജക്ടുകൾ ലക്ഷ്യം കൈവരിക്കാത്തത് പദ്ധതി നടത്തിപ്പിലെ

പാളിച്ചയാണ്. ഇത് വിശകലനം ചെയ്ത് യുക്തമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെയും നിർവ്വഹണ അധികാരികളുടെയും പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-21 കുട്ടികളുടെ ആരോഗ്യജാഗ്രതാ അവധിക്കാല ക്യാമ്പ് - തനത് ഫണ്ടിൽ നിന്നും മുൻകൂർ അനുവദിച്ച തുക റീക്കുപ്പ് ചെയ്തില്ല

"ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യ മുക്ത കേരളം" എന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷൻ കുട്ടികൾക്ക് വേണ്ടി "പെൻസിൽ" എന്ന പേരിൽ കുടുംബശ്രീ മുഖേന സംഘടിപ്പിച്ച പരിശീലന ക്യാമ്പിന് തൻവർഷം തനത് ഫണ്ടിൽ നിന്നും വൗച്ചർ നം.51900186/13.6.19 പ്രകാരം സി.ഡി.എസ്. മെമ്പർ സെക്രട്ടറിക്ക് 6130 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

1. മെമ്പർ സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം 70 കുട്ടികളാണ് പങ്കെടുത്തത്. ഒരു കുട്ടിക്ക് 25 രൂപയുടെ മെറ്റീരിയൽസ് ആണ് നൽകേണ്ടിയിരുന്നത്. (1750രൂപ).എന്നാൽ 440 രൂപയുടെ ബുക്കുകളും പേനയും മാത്രമാണ് വാങ്ങിയത്. മെറ്റീരിയൽസ് കുട്ടികൾക്ക് വിതരണം ചെയ്തതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
2. പഞ്ചായത്ത് ഡയറക്ടറുടെ 9.5.2019 ലെ PAN/20018/2018-J5(DP) നംപർ കത്ത് പ്രകാരം വൗച്ചറുകൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരം കിലയ്ക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ചെലവ് തുക കിലയിൽ നിന്നും റീക്കുപ്പ് ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ചെലവ് തുക നാളിതുവരെ റീക്കുപ്പ് ചെയ്തിട്ടില്ല.
3. പ്രോഗ്രാമിന്റെ ഫോട്ടോ ഫയലിൽ ചേർത്തിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 19/16.7.2020) ലഭ്യമാക്കിയ മറുപടിയിൽ മെറ്റീരിയൽസ് കുട്ടികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ,പ്രോഗ്രാമിന്റെ ഫോട്ടോ എന്നിവ കുടുംബശ്രീ ജില്ലാ മിഷൻ മുൻപാകെ ഹാജരാക്കിയതിനാൽ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നും ചെലവ്തുക കിലയിൽ നിന്നും റീക്കുപ്പ് ചെയ്ത് വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശിച്ച അനുപാതത്തിൽ മെറ്റീരിയൽസ് വാങ്ങി വിതരണം ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കിയില്ല. ടി അപാകങ്ങൾ പരിഹരിച്ച് മറുപടി ലഭ്യമാക്കുന്നതുവരെ 6130 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 അങ്കണവാടി പോഷകാഹാരം- പോഷകാഹാരവിതരണം പൂർണ്ണമല്ല

| | |
|---|---|
| പ്രൊജക്ട് നം | 30/20 |
| അടങ്കൽ | 16,00,000/-(800000വികസനഫണ്ട്+716670 കേന്ദ്രവിഹിതം+83330 ബ്ലോക്ക് വിഹിതം) |
| ചെലവ് | 1595460/-<br>(800000വികസനഫണ്ട്+712130 കേന്ദ്രവിഹിതം+83330 ബ്ലോക്ക് വിഹിതം) |
| നിർവ്വഹണോദ്യോഗസ്ഥ | ഐസിഡിഎസ് സൂപ്പർവൈസർ |
| ചെക്ക് നം | 326523തീയതി 16-03-20 |

പ്രസ്തുത പ്രൊജക്ട് പ്രകാരം വിവിധ അങ്കണവാടികൾക്ക് വിതരണം ചെയ്യുന്നതിനായി ഭാഗ്യശ്രീ അമൃതം ഫുഡ് പ്രൊഡക്ട് , കുര്യനാട് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയിസ് നം 176/29-2-2020 പ്രകാരം 669 പായ്ക്കറ്റ് THRS (70/-രൂപ നിരക്കിൽ) വാങ്ങിയിരുന്നു. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തത് 653പായ്ക്കറ്റ് മാത്രമാണ്. 16പായ്ക്കറ്റിന്റെ വിതരണവിവരം ലഭ്യമായില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 3/10-7-20) മറുപടിയായി 67-ാം നം ദേവഗിരി അങ്കണവാടിയിൽ 16 കി.ഗ്രാം കുറച്ചാണ് ഇറക്കിയതെന്നും ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ ബോദ്ധ്യമായെന്നും തുക തിരികെ അടച്ച് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിതരണം ചെയ്യാത്ത 16പായ്ക്കറ്റ് THRS വിലയായ 1120/- (16x70/-)രൂപ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-23 മുൻകൂർ തുകകൾ യഥാസമയം ക്രമീകരിച്ചില്ല

മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം വിവിധയിനങ്ങളിലായി മുൻകൂർ നൽകിയ 965322 രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം./ തീയതി | തുക | കൈപ്പറ്റിയ വ്യക്തി |
|---|---|---|

| | | |
|---|---|---|
| 21900254/24.7.2019 | 150000 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 21900719/29.11.2019 | 30000 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 21901276/28.3.2020 | 10000 | മെമ്പർ സെക്രട്ടറി, കുടുംബശ്രീ |
| 21900186/18.6.2019 | 6130 | മെമ്പർ സെക്രട്ടറി, കുടുംബശ്രീ |
| ആകെ | 196130രൂപ | |

കൂടാതെ എൻ.ആർ.ജി.എ. യ്ക്ക് നൽകിയ 706002 രൂപയും സാക്ഷരതയ്ക്ക് നൽകിയ 69320രൂപയും ഉൾപ്പെടെ 9,71,452 രൂപയുടെ മുൻകൂർ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. മെഡിക്കൽ ഓഫീസർക്ക് നൽകിയ തുകയിൽ 9750 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.മുൻകൂർ തുകകൾ ക്രമീകരിക്കാത്ത പക്ഷം പലിശ സഹിതം തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 ഘടക സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - നടപടികളിൽ പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യം സംരക്ഷിക്കപ്പെട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 11/19-20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 24600 (തനത് ഫണ്ട്) 375000 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | 399600/-(24600 + 375000) |
| ബിൽ നം. തീയതി | 18/19-20/5.9.2019 & ചെക്ക് നം. 18194/31.08.2019 |

പഞ്ചായത്തിലെ വിവിധ ഘടകസ്ഥാപനങ്ങൾക്ക് ഡസ്ക് ടോപ്പ് കംപ്യൂട്ടർ, പ്രിന്റർ, യു.പി.എസ്. എന്നിവ വാങ്ങി വിതരണം ചെയ്യുന്നതിന് തയ്യാറാക്കിയ ടി പ്രോജക്ട്പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ടു ചെയ്ത സ്മാർട്ട് കംപ്യൂട്ടേഴ്സ് സെയിൽസ് & സർവ്വീസസ് , പരുത്തുംപാറ എന്ന സ്ഥാപനത്തിന്റെ 27.08.2019 ലെ PC/101 – 19-20 നംപർ ഇൻവോയ്സ് പ്രകാരം 6 ഡസ്ക് ടോപ്പ് കംപ്യൂട്ടറുകൾ, 7പ്രിന്ററുകൾ, 6യു.പി.എസ്. എന്നിവ വാങ്ങിയിട്ടുണ്ട്. കണ്ടു. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ഡസ്ക് ടോപ്പ് കംപ്യൂട്ടറിന് 600 VA വി-ഗാർഡ് യു.പി.എസ്. സഹിതമുള്ള നിരക്കാണ് സ്ഥാപനം ക്വോട്ട് ചെയ്തിരുന്നത് (നികുതി ഉൾപ്പെടെ 35150 രൂപ). 1KVA യു.പി.എസ്. പ്രത്യേകം വാങ്ങുന്നതിനാൽ 08.08.2019 ൽ സെക്രട്ടറി നൽകിയ സപ്ലൈ ഓർഡറിൽ 600 VA വി-ഗാർഡ് യു.പി.എസ്. ഒഴിവാക്കിയിരുന്നു. എന്നാൽ ടി ഇനത്തിന്റെ വില ഇൻവോയ്സിൽ കുറവ് വരുത്തി ഇതൊഴികെയുള്ള നിരക്ക് രേഖാമൂലം അറിയിക്കുന്നതിന് സെക്രട്ടറി നിർദ്ദേശം നൽകിയില്ല. സ്ഥാപനം ടി ഇനം സപ്ളൈ ചെയ്യാതിരുന്നിട്ടും വില കുറവ് ചെയ്തിട്ടില്ല. നിലവിൽ ഏകദേശം 2650 രൂപ കമ്പോളവില വരുന്ന ടി 6യു.പി.എസ്. കൾ പഞ്ചായത്ത് കൈപ്പറ്റുകയോ സ്റ്റോക്കിൽ ചേർക്കുകയോ ചെയ്തിട്ടില്ല. ടി ഇനത്തിൽ അധിക തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് 7/13.7.2020നംപരായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന് മറുപടിയായി സ്മാർട്ട് കംപ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാങ്ങൽ നടപടികളിൽ പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യം സംരക്ഷിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തിയതായി കാണുന്നു. അധികം നൽകിയ തുക തിരികെ ഈടാക്കുന്നതുവരെ ടി ഇനത്തിൽ ചെലവഴിച്ച 399600/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 ഹോമിയോ ഡിസ്പൻസറിക്ക് മരുന്നു വാങ്ങൽ - മുൻകൂർ തുക ഒടുക്കിയിട്ടില്ല നാളിതുവരെ മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല –97275 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 08/19-20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 200000 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | 200000/- |
| ബിൽ നം. തീയതി | 15/19-20/25.10.2019 |

പ്രോജക്ട്പ്രകാരം ഹോമിയോ ഡിസ്പൻസറിക്ക് മരുന്നു വാങ്ങുന്നതിന് 200000/- രൂപ തൻവർഷം കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നം. LF 342/

12.06.2020 പ്രകാരം 1,02,725 രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്. 97,275 രൂപയുടെ മരുന്നുകൾ ലഭിക്കുവാൻ അവശേഷിക്കുന്നു. ഏജൻസിയുമായി നിയമാനുസൃത കരാറിലേർപ്പെടാതിരുന്നതിനും പ്രോജക്ട് പൂർത്തീകരിക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം8/13.7.2020).നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിവരം ലഭ്യമാക്കുന്നതുവരെ 97,275 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 പഠനമുറി നിർമ്മാണം -പൂർത്തീകരിക്കാൻ അവശേഷിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. | 43/20,വിദ്യാർത്ഥികൾക്ക് പഠനമുറി (എസ്.ടി ) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| അടങ്കൽ-വികസന ഫണ്ട്-(ടി.എസ്.പി)<br>തനത് | 149,000/-<br>51000/- |
| ചെലവ് | 149,000/- (4/24.02.20 – 50,000<br>6/09.03.20 – 50,000<br>7/18.03.20 – 49,000) |

പ്രോജക്ട് പ്രകാരം പഠന മുറി നിർമാണത്തിനായി സജി.എ.കെ , ആഴാംചിറ വീട് , എന്നയാൾക്ക് വികസനഫണ്ട് വിഹിതമായ 149000 രൂപ നല്കിയിട്ടുണ്ട്. സ.ഉ (കൈ) നം. 22/18/തസ്വഭവ തീ. 14.02.18 ഖണ്ഡിക 07.02.17 പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് പഠനമുറി നിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതും അർഹമായ ബാക്കി സബ്സിഡി അനുവദിച്ചതിന്റെ വിവരം അറിയിക്കേണ്ടതുമാണ്.

## 1-27 ടോയ് ലറ്റ് ഇല്ലാത്തവർക്ക് ഗാർഹിക ടോയ് ലറ്റ് നിർമ്മാണം- നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം | 173/20 |
| അടങ്കൽ | 107800/-(84000ശുചിത്വമിഷൻവിഹിതം+ 23800 തനത് ഫണ്ട്) |
| ചെലവ് | 13600/-തനത് ഫണ്ട് |
| നിർവ്വഹണോദ്യോഗസ്ഥ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| ചെക്ക് നം | 2282153തീയതി 7-02-20 |

17-9-19 ലെ ജില്ലാശുചിത്വമിഷന്റെ കത്ത് നം 482(1)/DSM/TVPM/2019 അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ടോയ് ലറ്റ് ഇല്ലാത്ത കുടുംബങ്ങൾക്ക് 12000/- രൂപ ശുചിത്വമിഷൻ ഫണ്ടും 3400/- രൂപ തനത്ഫണ്ട് വിഹിതവുമുൾപ്പടെ 15400/- രൂപ നൽകുന്നതിന് തയ്യാറാക്കിയ പ്രൊജക്റ്റായിരുന്നു ഇത്. ആയത്പ്രകാരം 4 ഗുണഭോക്താക്കൾക്ക് 3400/- രൂപ വീതം ആകെ 13600/- രൂപ തനത് ഫണ്ട് വിഹിതത്തിൽ നിന്നും മുൻകൂർ നൽകിയിരുന്നു. എന്നാൽ ടി ഗുണഭോക്താക്കൾ ടോയ് ലറ്റ് നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ , വാല്യുവേഷൻ എന്നിവ ഫയലിലില്ല. നിർമ്മാണം പൂർത്തീകരിച്ച് ശുചിത്വമിഷൻ വിഹിതം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 14/15-7-20) മറുപടിയായി നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും ശുചിത്വമിഷൻ ഫണ്ട് ലഭ്യമാകാത്തതിനാൽ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ ഫയലിലുൾപ്പെടുത്തിയില്ലായെന്നറിയിച്ചിരുന്നു. നിർമ്മാണം പൂർത്തീകരണ വിവരങ്ങൾ ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 13600/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 പ്രൊ.നം 53/20 ലൈഫ് ഭവന നിർമ്മാണം (ജനറൽ)- ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം | 53/20 |
| അടങ്കൽ | 8,00,000/-(500000വികസനഫണ്ട്+300000ബ്ലോക്ക് വിഹിതം) |
| ചെലവ് | 440000/-വികസനഫണ്ട് |
| നിർവ്വഹണോദ്യോഗസ്ഥ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| ബിൽ നം | 21/19-20തീയതി 16-03-20 (80000/-രൂപ) |

പ്രസ്തുത പ്രൊജക്റ്റ് പ്രകാരം 29 ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിന്നു. ഇതിൽ 28 പേരും ഭവനനിർമ്മാണം പൂർത്തീകരിച്ചിരുന്നു. 12-ാം വാർഡിലെ ഗുണഭോക്താവായ ശ്രീ.രാജപ്പൻ എൻ.ടി, കുറ്റിയാനിക്കൽ എന്നയാൾക്ക് 40000/- രൂപ ആദ്യഗഡുവായി നൽകിയിരുന്നു. എന്നാൽ ഗൃഹനിർമ്മാണം പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമായിരുന്നില്ല. ഗൃഹനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെവിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി കെട്ടിടനിർമ്മാണം ആരംഭിച്ചുവെന്ന് അറിയിച്ചിരുന്നു. ഗൃഹനിർമ്മാണം പൂർത്തീകരിച്ച് വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ മുൻകൂറായി നൽകിയ 40000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 ആരോഗ്യ ജാഗ്രത , വാർഡ്തല മാലിന്യ നിർമ്മാർജ്ജനം - ശുചീകരണ പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ് ഫലപ്രദമല്ല

കാലവർഷത്തിന് മുന്നോടിയായി നടത്തപ്പെടുന്ന ആരോഗ്യ ജാഗ്രത , വാർഡ്തല മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് എല്ലാ വാർഡുകളിലെയും വാർഡ് തല ശുചിത്വ സമിതികൾക്ക് ചുവടെ ചേർക്കും പ്രകാരം വാർഡ് ഒന്നിന് 25000 രൂപ നിരക്കിൽ ചെലവഴിക്കുന്നതിന് 9.5.2019 ലെ 3(3) നംപർ തീരുമാന പ്രകാരം പഞ്ചായത്ത് ഭരണസമിതി നിർദ്ദേശം നൽകിയിട്ടുണ്ട്.

| ഇനം | തുക |
|---|---|
| എൻ.ആർ.എച്ച്.എം. ഫണ്ട് | 10000 |
| വാർഡ്തല ശുചിത്വ ഫണ്ട് | 10000 |
| ഗ്രാമപഞ്ചായത്ത് വിഹിതം | 5000 |
| ആകെ | 25000രൂപ |

വാർഡ്തല ശുചിത്വസമിതികളുടെ മിനട്സ് ബുക്കുകളും ചെലവ് വിശദാംശങ്ങളും പരിശോധിച്ചതിൽ എൻ.ആർ.എച്ച്.എം. ഫണ്ട് യഥാസമയം കൈമാറുകയോ ശുചീകരണ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുകയോ ചെയ്യുന്നില്ല. തൻവർഷം 15000 രൂപ മാത്രമാണ് ടി പ്രവർത്തനങ്ങൾക്ക് കൈമാറിയിട്ടുള്ളത്. കൂടാതെ, ശുചീകരണ പ്രവർത്തനങ്ങൾ മിക്കവാറും ആഗസ്റ്റ് മാസത്തിനുശേഷമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഫണ്ടുകൾ യഥാസമയം പൂർണ്ണമായി ലഭ്യമാക്കുന്നതിനും വാർഡ്തല ശുചിത്വസമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമായിട്ടില്ല

1. പ്രൊ.നം 30/20 പാലിയേറ്റീവ് കെയർ- ഉപകരണങ്ങൾ ലഭ്യമായിട്ടില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പിഎച്ച്സി) |
| അടങ്കൽ | 550000 (വികസന ഫണ്ട് (പൊതു) + ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് | 531885 |
| ബിൽ നം | 13/15-11-19,(തുക28006)<br>18/14-1-20,(തുക24236) |

പ്രസ്തുത പ്രൊജക്റ്റിനായി കേരളമെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കിയ പ്രൊഫോമ ഇൻവോയിസ് നം 2086 പ്രകാരം നൽകിയ 28006/- രൂപയുടെ മുഴുവൻ സാമഗ്രികളും ലഭ്യമായിട്ടില്ലായെന്ന് കാണുന്നു. 9003.84/-രൂപ വില വരുന്ന അഡൾട്ട് ഡയപ്പർ 300 എണ്ണം നാളിതുവരെ ലഭിച്ചിട്ടില്ല. കൂടാതെ പ്രൊഫോമ ഇൻവോയിസ് നം 2873 പ്രകാരം നൽകിയ 24236/- രൂപയുടെ ഉപകരണങ്ങൾ ഒന്നും തന്നെ ലഭ്യമായിട്ടില്ലായെന്ന്

കാണുന്നു. പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(23/16-7-20) മറുപടിയായി ഉപകരണങ്ങൾ ലഭ്യമാക്കി വിവരം അറിയിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ലഭിക്കുവാനുള്ള ഉപകരണങ്ങളുടെ ആകെ വിലയായ 33239.84/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. പ്രൊ.നം 29/20മരുന്നുവാങ്ങൽ പ്രൊജക്റ്റ് - മുഴവൻ മരുന്നുകളും ലഭ്യമായിട്ടില്ല.

| | |
|---|---|
| അടങ്കൽ | 350000 (MG നോൺ റോഡ്) |
| ചെലവ് | 299675 |
| ബിൽ നം | 12/15-11-19,(തു51241/-) |

പ്രസ്തുത പ്രൊജക്റ്റിനായി കേരളമെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കിയ പ്രൊഫോമ ഇൻവോയിസ് നം 2090 പ്രകാരം നൽകിയ 51241/- രൂപയിൽ 5705/- രൂപയുടെ മരുന്നുകൾ ലഭിക്കാനവശേഷിക്കുന്നു. മരുന്നുകൾ/ ഉപകരണങ്ങൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(23/16-7-20) മറുപടിയായി മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ലഭിക്കാനുള്ള മരുന്നുകളുടെ വിലയായ 5705/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ/ ഉപകരണങ്ങൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-31 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി തുക അധികം നല്കിയത് -തിരികെ അടവാക്കി

| | |
|---|---|
| പ്രോജക്റ്റ് നം. | 40/20 |
| നിർവഹണോദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| അടങ്കൽ (വികസന ഫണ്ട് -ജനറൽ)<br>ബ്ളോക്ക് ഷെയർ | 300000/-<br>500000 |
| ചെലവ് -വികസന ഫണ്ട് -ജനറൽ<br>ബ്ളോക്ക് ഷെയർ | 38142<br>500000 |
| ബിൽ നം<br>ചെക്ക് നം. | 8/26.02.20<br>285612/27.2.20<br>285617/26.3.20<br>285618/30.3.20 |

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രോജക്റ്റ് പ്രകാരം കർഷകർ ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 3 രൂപ എന്ന തോതിൽ കണക്കാക്കി തുക കർഷകന്റെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. സ.ഉ(കൈ)നം.22/18 /തസ്വഭവ /14.2.18 പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖപ്രകാരം ഒരു കർഷകന് ഒരു വർഷത്തിൽ നല്കാവുന്ന പരമാവധി സബ്സിഡി 40000 രൂപയാണ്. എന്നാൽ മാത്യു വർഗ്ഗീസ് ,പുല്ലൂർ എന്നയാൾക്ക് തൻവർഷം സബ്സിഡിയിനത്തിൽ 44218 രൂപ നല്കിയിട്ടുണ്ട് .ഇപ്രകാരം സബ്സിഡി അധികം നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയപ്പോൾ (നം.11/13.7.20) രസീത് നം.120040100875 /15.7.20 പ്രകാരം അധികം നല്കിയ 4218 രൂപ തിരികെ തനത് ഫണ്ടിൽ അടവാക്കി. ടി തുക ബ്ളോക്ക് പഞ്ചായത്ത് വിഹിതമായതിനാൽ തിരികെ ബ്ളോക്ക് പഞ്ചായത്തിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-32 പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല

കേരള പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന് സെലക്ഷൻ നോ ട്ടീസ്അയച്ച് 14 ദിവസത്തിനകം പിഴയില്ലാതെയും തുടർന്ന് 10 ദിവസം 1%പിഴയോട് കൂടിയും കരാർ ചമക്കുന്നതിന് അനുമതി

നല്കാവുന്നതാണ്.കരാറുടമ്പടിയിലും ആയത് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ യഥാസമയം കരാർ വയ്ക്കാത്തവർക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.1

| | | | |
|---|---|---|---|
| 1 | പ്രോജക്ട്/പ്രോജക്ട് നമ്പര് | പൊതുശ്മശാനം നവീകരണം 153/19-20 | |
| | കരാറുകാരൻ | മുഹമ്മദ് ഹാരിസ് | |
| | സെലക്ഷൻ നോട്ടീസ് തീയതി | 16-11-2018 | |
| | പിഴ ഇല്ലാതെ കരാർ വക്കാവുന്ന അവസാന തീയതി | 9-12-2018 | |
| | കരാർ വച്ച തീയതി | 11-01-2019 | |
| | കരാർ തുക | 719112/- | |
| | ഈടാക്കാവുന്ന പിഴ | | 7191 |
| 2 | പ്രോജക്ട്/പ്രോജക്ട് നമ്പര് | മണിക്കുളം മുതിരമല റോഡ് | |
| | കരാറുകാരൻ | എം എ സാബു | |
| | സെലക്ഷൻ നോട്ടീസ് തീയതി | 16-11-2018 | |
| | പിഴ ഇല്ലാതെ കരാർ വക്കാവുന്ന അവസാന തീയതി | 9-12-2018 | |
| | കരാർ വച്ച തീയതി | 10-01-2019 | |
| | കരാർ തുക | 450141 | 4501 |
| | ഈടാക്കാവുന്ന പിഴ | | |
| 3 | പ്രോജക്ട്/പ്രോജക്ട് നമ്പര് | കിടിത്തറ-ചമ്പന്നൂർപടി റോഡ് 143/19-20 | |
| | കരാറുകാരൻ | എം എ സാബു | |
| | സെലക്ഷൻ നോട്ടീസ് തീയതി | 16-11-2018 | |
| | പിഴ ഇല്ലാതെ കരാർ വക്കാവുന്ന അവസാന തീയതി | 9-12-2018 | |
| | കരാർ വച്ച തീയതി | 10-01-2019(58/AE/LSGD/NKM/18-19) | |
| | കരാർ തുക | 450001 | |
| | ഈടാക്കാവുന്ന പിഴ | | 4500 |
| | ആകെ | | 16192/- |

പിഴ ഈടാക്കാതെ സമയപരിധി കഴിഞ്ഞ് കരാർ വക്കുന്നതിന് അനുമതി നല്കിയതിന് വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (21/16.07.20) മറുപടി ലഭ്യമാക്കിയിട്ടില്ല.പൊതുമരാമത്ത് മാന്വലിന് വിരുദ്ധമായി സമയപരിധിക്കുള്ളിൽ കരാർ വെക്കാത്ത കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-33 ടെണ്ടർ ഫാറവില പഞ്ചായത്തിന് ലഭിക്കുന്നില്ല

പഞ്ചായത്തിന്റെ പ്രവൃത്തികൾ ടെണ്ടർ നടത്തി കരാറുകാരെ ഏൽപ്പിക്കുമ്പോൾ ടെണ്ടർ ഫാറവില ഇനത്തിൽ ലഭിക്കുന്ന തുക പഞ്ചായത്തിന്റെ തനത് വരുമാനമാണ്.എന്നാൽ പ്രവൃത്തികൾക്ക് ഇ-ടെണ്ടർ നത്തുമ്പോൾ ടെണ്ടർ ഫാറവില എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത് . വിശദാംശങ്ങൾ സഹിതം പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ആവശ്യപ്പെടുമ്പോളാണ് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആരംഭിച്ചിട്ടുള്ള കറന്റ് തഅക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്ത് ലഭിക്കുന്നത്. എന്നാൽ മുൻവർഷങ്ങളിൽ ഇത്തരത്തിൽ പഞ്ചായത്ത് തനത് ഫണ്ടിൽ ലഭിക്കേണ്ട തുക ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.2019-20 ൽ ഇത്തരത്തിൽ ലഭിക്കാനുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.നം | പ്രോജക്ട്/പ്രോജക്ട് നമ്പര് | ആകെ | ടെണ്ടർ | ആകെ |
|---|---|---|---|---|

| | | ടെണ്ടറുകൾ | ഫീ | മൂല്യം |
|---|---|---|---|---|
| 1 | കൊച്ചേഴത്തിൽ പടി-കല്ലൻമാവ് 84/19-20 | 7 | 1200 | 8400 |
| 2 | കൂടത്തിങ്കൽപ്പടി റോഡ് 64/19-20 | 4 | 1200 | 4800 |
| 3 | ചമ്പക്കരപ്പള്ള-പുതുപ്പള്ളി പടവ് റോഡ് 107/19-20 | 4 | 1200 | 4800 |
| 4 | മാത്തുരുത്തി കല്ലോലി റോഡ് 59/19-20 | 4 | 1440 | 5760 |
| 5 | വടാട്ടുപാറ-നിലംപൊടിഞ്ഞ റോഡ് 78/19-20 | 4 | 1450 | 5800 |
| | ആകെ | | | 29560/- |

പഞ്ചായത്ത് തനത് ഫണ്ടിൽ ലഭിക്കാനുള്ള തുക(നാളിതുവരെയുള്ളത്)കണക്കാക്കി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-34 ജീവനക്കാരുടെ കരാർ നിയമനം - നടപടികൾ ക്രമ വിരുദ്ധം

MGNREGS നടത്തിപ്പിനായി തൻവർഷം ഒരു അക്രഡിറ്റഡ് എഞ്ചിനീയറെയും ഓവർസിയറെയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചതായി പരിശോധനയിൽ വ്യക്തമാകുന്നു. ടി നിയമനവുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികളിൽ നിന്നും ഒരു ലക്ഷം രൂപ വീതം ഡെപ്പോസിറ്റ് ആയി വാങ്ങുന്നതിന് 23.10.2019 ലെ 5(3) നംപർ പ്രകാരം കമ്മിറ്റി തീരുമാനിച്ചതായി കാണുന്നു. ടി തുക 20 തവണകളായി ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വാർഷിക കണക്കുകൾ പരിശോധിച്ചതിൽ (B7ഷെഡ്യൂൾ) 30000 രൂപ ഈയിനത്തിൽ വരവുണ്ട്. കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ടി ജീവനക്കാരിൽ നിന്നും ഇപ്രകാരം നിക്ഷേപത്തുക ഈടാക്കിയതിനും വേതനത്തിൽ നിന്നും തുക കുറവ് ചെയ്യുന്നതിനും ആധാരമായ സർക്കാർ നിർദ്ദേശം പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 12/13.7.2020 നംപരായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം8/13.7.2020) ലഭ്യമാക്കിയ മറുപടിയിൽ ഇതിന് പ്രത്യേക സർക്കാർ നിർദ്ദേശം ഇല്ലെന്നും കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കിയതെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങളിലെ നിയമനം കെ.എസ് & എസ് .ആർ 1958ലെ വ്യവസ്ഥകൾക്ക് വിധേയമായതിനാൽ {കരാർ നിയമനം – റൂൾ 9(A)}, ആയതിന് വിരുദ്ധമായി ഭരണ സമിതി തീരുമാനം എടുത്തതും സെക്രട്ടറി വ്യക്തമായ നിർദ്ദേശം ഭരണ സമിതിക്ക് നൽകാതിരുന്നതും നിയമന ചട്ടങ്ങളുടെ ലംഘനമായി കണക്കാക്കുന്നു. സ്ഥാപനത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ കരാറിൽത്തന്നെ ഉറപ്പുവരുത്തേണ്ടതും വ്യവസ്ഥകൾ ലംഘിക്കുന്നതിന് എതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്. നിയമനങ്ങൾക്ക് നിക്ഷേപം ആവശ്യപ്പെടുന്നത് സർക്കാർ നിയമന നടപടികൾക്ക് വിരുദ്ധമായതിനാൽ ടി അപാകതയിൽ ഭരണ സമിതിയുടെ അഭിപ്രായം കൂടി പരിഗണിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം നടപടികൾ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-35 അഗതി രഹിതകേരളം പദ്ധതി - തുടർ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള ഏകീകൃത പദ്ധതി എന്ന നിലയിൽ അഗതി രഹിതകേരളം പദ്ധതി കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10.3.19 ലെ കെ.എസ്/എൽ/423/2019-ാം നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിലെ അഗതിരഹിത കേരളം പദ്ധതി പ്രവർത്തനങ്ങൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം 123ഗുണഭോക്താക്കളുണ്ട്. ആകെ അടങ്കൽ തുക 10305730/- രൂപയിൽ വികസന ഫണ്ട് 6765000 രൂപയും ചലഞ്ച് ഫണ്ട് 3540730 /- രൂപയുമാണ്.

ആശ്രയ പദ്ധതിയ്ക്ക് അനുവദിച്ചിട്ടുള്ള തുകകളിൽ അവശേഷിക്കുന്ന തുക അഗതിരഹിത കേരളം പദ്ധതിയ്ക്ക് വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ ആശ്രയ പദ്ധതിയുടെ SBI നെടുംകുന്നം ശാഖയിലെ (A/C N0.67290748331) ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന

375953 രൂപ അഗതി രഹിതകേരളം പദ്ധതിക്കായി തുടങ്ങിയ പുതിയ അക്കൗണ്ടിലേക്ക് (SBI ,നെടുംകുന്നം A/C No.38702202840 ) മാറ്റിയിട്ടില്ല. 19-20 വർഷം 2 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിനായുള്ള 800000 രൂപ വികസന ഫണ്ടിൽ നിന്നും അഗതി രഹിതം കേരളം പദ്ധതിയുടെ അക്കൗണ്ടിൽ നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. നിലവിൽ ടി പദ്ധതിയുടെ യാതൊരു പ്രവർത്തനങ്ങളും നടക്കുന്നില്ല. പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി പ്രോജക്ട് ലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിൻമേൽ ഭരണതല തുടർ നടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം സർ ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം I ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ വിശകലനം ചെയ്ത് ബാധകമായ നിയമങ്ങൾ/ചട്ടങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 06-07-2020 | KSA.KTM.P5.801/2020/ 17.08.20 |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | 64/20 കൂടത്തിങ്കൽ പടി റോഡ് കോൺക്രീറ്റിംഗ് | 200000 | 00 |
| | | 200000 | 93/20 ചേലക്കൊമ്പ്-ചരിവ് പുരയിടം റോഡ് | 0 | 200000 |
| | | 200000 | 59/20മാന്തുരുത്തി കല്ലോലി റോഡ് | 200000 | |
| | | 200000 | 92/20 പെരുമാത്ര- | 0 | 200000 |

| | | | | | |
|---|---|---|---|---|---|
| | | | സഞ്ജീവനി റോഡ് | | |
| | | 200000 | 84/20കല്ലമ്മാവ്-കൊച്ചുഴത്തിൽ റോഡ് | 200000 | 0 |
| | | 200000 | 107/20 ചമ്പക്കര പള്ളിപ്പടി-പുതുപ്പള്ളിപ്പടവ് | 200000 | 0 |
| | | 300000 | 78/20 വട്ടക്കാവ്-പുലിയിളക്കൽപടി റോഡ് | 300000 | 0 |
| | | 83330 | 32/20 സപ്ളിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം | 83330 | |
| | | 83330 | 33/20ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 75236 | 8094 |
| | | 500000 | 40/20 ക്ഷീര കർഷകർക്ക് സബ്സിഡി | 500000 | 0 |
| | | 300000 | 53/20 ലൈഫ് ഭവനം | | 300000 |
| | | 400000 | 57/20ലൈഫ് ഭവനം എസ്. സി | 384158 | 15842 |
| | ആകെ | 2866660 | | 2142724 | 723936 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ നിക്ഷേപ പ്രവൃത്തികൾക്ക് തുക നല്കിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നല്കിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വരവിനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| നെടുങ്കുന്നം ഗ്രാമപഞ്ചായത്ത് ഭവനപദ്ധതി | സ.ഉ.നം.72858/ ഡി.ബി/1/14/ തസ്വഭവ 25.11.14 | 50,00,000 | 6,76,222 | 676222 | 94708 | 00 |
| കെ.യു.ആർ.ഡി. എഫ്.സി | | 13,01,892+ 560000 | 1861892 | 279412 | 0 | 1582480 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1840703 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ വരവ് | 151858 |

| | |
|---|---|
| ആകെ | 1992561 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1992561 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | ബാങ്കിന്റെ പേര് | എഫ്.ഡി.നം | തീയതി | തുക |
|---|---|---|---|---|
| സ്ഥിര നിക്ഷേപം | നെടുംകുന്നം റീജിയണൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.286 | 0633 | 17.10.2018 | 587256/- |
| | നെടുംകുന്നം സൗത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് 1271 | 882 | 17.10.18 | 637174/- |
| | നെടുംകുന്നം സൗത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് 1271 | 722 | 17.2.19 | 384065 |
| | നെടുംകുന്നം റീജിയണൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.286 | 2080 | 16.02.19 | 384066/- |
| ആകെ | | | | 1992561/- |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 19342/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 2(2-5) | 240 | വഴിപ്ലാക്കൽ ഗ്ലാസ് ഹൗസ് | 119040100836/28-052019 |
| 2017-18 | | 8460 | ഷിജു എബ്രഹാം | 119040105233/4-12-2019 |
| 2018-19 | 2-5 | 3750 | റോബിൻ ഗ്രാനൈറ്റ്സ് | 119040104002/19-10-2019 |
| 2018-19 | 2-5 | 1800 | കോസി മെഡിക്കൽ സെന്റർ | 119040104096/23-10-2019 |
| 2018-19 | 2-5 | 600 | ഡോ.പ്രതാപ് കുമാർ | 119040104757/14-11-2019 |
| 2018-19 | 2-5 | 600 | സെക്രട്ടറി,KUCS | 119040104799/15-11-2019 |
| 2018-19 | 2-5 | 1500 | ഡോ എസ് ശ്രീകല | 119040105614/27-12-2019 |
| 2018-19 | 3-15 | 2168 | ശ്രീജിത്ത് | 119040105408/12-12-2019 |
| 2018-19 | 3-16 | 2224 | ശ്രീജിത്ത് | 119040105409/12- |

| | | | | |
|---|---|---|---|---|
| | | | | 12-2019 |
| ആകെ | | 19342 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-4 | 2012-13 | 4-4-1 | പൊങ്ങൻ പാറ ജലസേചന പദ്ധതി-ആവിഷ്കരണത്തിൽ അപാകത -തുക പാഴ്ചെലവായി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ് /സർചാർജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 88061762 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 60232740 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 595549.84 |

(ബി).<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | ഇല്ല | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 6130 | സെക്രട്ടറി,നെടുങ്കുന്നം ഗ്രാമപഞ്ചായത്ത് |
| 1-24 | 399600 | സെക്രട്ടറി,നെടുങ്കുന്നം ഗ്രാമപഞ്ചായത്ത് |
| 1-25 | 97275 | സെക്രട്ടറി,നെടുങ്കുന്നം ഗ്രാമപഞ്ചായത്ത് |
| 1-27 | 13600 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-28 | 40000 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-30(1)<br>1-30(2) | 33239.84<br>5705.00 | മെഡിക്കൽ ഓഫീസർ, പി.എച്ച് . സി |

| | |
|---|---|
| ആകെ | 595549.84 |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)

റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സിസിലികുട്ടി ജോസഫ് ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ വാഴൂർ ബ്ലോക്ക് | വട്ടുതലക്കുന്നേൽ കുറുവാമൂഴി പി.ഓ എരുമേലി 686509 |

(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)181(4)18/ 1.2.18 | 4 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)181(5)18/ 1.2.18 | 1 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)181(6)18/ 1.2.18 | 8 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി5-1549/2016(7)/ 30.12.17 | 1 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)181(7)18/ 1.2.18 | 1 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)181(8)18/ 1.2.18 | 2 |
| 2012-13 | എൽ.എഫ്.കെ.പി5/491/15/3.8.15 | 22 |
| 2013-14 | എൽ.എഫ്.കെ.പി5/814/2016/7.9.16 | 10 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി5-605/2018/7.4.18 | 21 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി5-1460/2017(2)/ 21.12.17 | 17 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി5-1460/2017(1)/ 29.12.17 | 13 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി5/82/2019/13.5.19 | 15 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി5/1805/2019/21.04.20 | 17 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-കെ.ടി.എം.പി5/801/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 17.08.20

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-20ലെ വാർഷിക ധനകാര്യപത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം